# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. JANUARY 2024. ₹ 5.00

VOL. 02 - ISSUE NO. 13 - DATE OF PUBLICATION 25TH JANUARY, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24





## സുക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായികൾക്ക് 100 കോടി ക്ലബ്ബിൽ പ്രവേശിക്കാൻ അവസരം.


3 ഭാരവാഹികളോട് വീണ്ടും.

5 പുതുക്കിയ ലാന്റ് അലോട്ട്മെന്റ് പോളിസിയും, പുനഃപരിശോധിക്കേണ്ട വിഷയങ്ങളും.

7 വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭകർക്ക് കെട്ടിട നികുതി അടക്കണമെന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അയക്കുന്ന നിയമ വിരുദ്ധമായ നോട്ടീസുകൾ പിൻവലിക്കണം.

ജി.എസ്.ടി യെ വെറുമൊരു നികുതി നിയമമായി മാത്രം കണ്ടാൽ പോരാ! അത് ഇന്ത്യയുടെ ഭാവിയെ വരെ നിയന്ത്രിച്ചേക്കാം. 8

കുതിച്ച് ഉയർന്ന് മിഷൻ 1000 പദ്ധതിയും. 14

വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്ക് അപ്രന്റീസ്ഷിപ്പിന്റെ സാദ്ധ്യതകൾ. 18

Invest Kerala
NATURE.PEOPLE.INDUSTRY.
KSIDC



# Unleash your vision, Kerala's industrial landscape awaits

**Ready to launch your Industrial dream in Kerala? KSIDC is your Catalyst!!**

The Kerala State Industrial Development Corporation, is not just a financial institution, it's your partner in progress. We offer a comprehensive suite of services to nurture and fuel your industrial ambitions in Kerala

INDUSTRIAL PROMOTION | INVESTMENT FACILITATION | PROJECT FINANCING
INDUSTRIAL GROWTH CENTERS & SECTORAL SPECIFIC PARKS | EASE OF DOING BUSINESS INITIATIVES & K-SWIFT
PROJECT IDENTIFICATION AND DEVELOPMENT | SINGLE WINDOW CLEARANCE
FACILITATION FOR STARTING NEW VENTURES | STARTUP & SCALE UP FUNDING
WOMEN ENTREPRENEURSHIP FUNDING

Visit our website or contact us today to unlock your industrial potential in Kerala!

TOLL FREE 1800 890 1030

KERALA STATE INDUSTRIAL DEVELOPMENT CORPORATION LIMITED
Head Office: Keston Road, Kowdiar, Thiruvananthapuram-695003
Regional Office: 2nd Floor, Choice Towers, Manorama Jn, Kochi-682016
Satellite Office: First Floor, BSNL Office Annex. Building, Balan K Nair Road, Ashokapuram, Kozhikode – 673 001
Phone No: 0471-2318922, 0484-2323010 | enquiry@ksidcmail.org | www.ksidc.org

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of **THE KERALA STATE SMALL INDUSTRIES ASSOCIATION** **JANUARY 2024** ₹ 5.00

## എഡിറ്റോറിയൽ

# ഭാരവാഹികളോട് വീണ്ടും



എം.എസ്.എം.ഇ. മേഖലയിലെ മുഴുവൻ വ്യവസായികളേയും പ്രതിനിധീകരിക്കുന്ന നമ്മുടെ സംഘടനയുടെ സംസ്ഥാനത്തെയും ജില്ലയിലെയും ഭാരവാഹികൾ അഭിമാനത്തോടെ അറിയേണ്ടതാണ്, നമ്മുടെ സംഘടനാ പ്രവർത്തനം കൊണ്ടാണ് പുതിയ നിയമ നിർമ്മാണങ്ങളും ആനുകൂല്യങ്ങളും മറ്റും നേടിയെടുക്കാൻ കഴിഞ്ഞത്.

വ്യവസായത്തിലെ ബുദ്ധിമുട്ടുകളും പരിമിതികളും ആവശ്യങ്ങളും വ്യവസായികളെ മനസ്സിലാക്കാനും സർക്കാരിൽ എത്തിക്കാനും നമുക്ക് കഴിയുന്നുണ്ട്, അത് നമ്മുടെ പ്രസിദ്ധീകരണത്തിന്റെ മാധ്യമ ശക്തിയാണ് എന്നതിൽ സംശയമില്ല.

വ്യവസായത്തിന് കിട്ടുന്ന ആനുകൂല്യങ്ങളും നടപടിക്രമങ്ങളും എല്ലാ വ്യവസായികളും അറിയേണ്ടതുണ്ട്. അത് അറിയാനും അറിയിക്കാനും ഉള്ള ഒരേ ഒരു മാർഗ്ഗം, സംഘടനയിൽ അംഗമാവുകയും നമ്മുടെ മാസിക കൃത്യമായി വായിക്കുകയും ചെയ്യുക, ചെയ്താലേ അത് സാധ്യമാകൂ. സംഘബലം കൊണ്ട് മാത്രമേ നമ്മുടെ ആവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കാൻ കഴിയൂ. ഇതിനായി എം.എസ്.എം.ഇ. മേഖലയിലെ സകല വ്യവസായികളെയും സംഘടനയിൽ അംഗങ്ങളാക്കേണ്ടതുണ്ട് അതിനു കഴിയുന്നത് ജില്ലാ ഭാരവാഹികൾക്ക് മാത്രം. അതിന്റെ പ്രാധാന്യം കൊണ്ടാണ്, ആവർത്തിച്ചു കൊണ്ടുള്ള ഈ അഭ്യർത്ഥന. ഈ പ്രശ്നം ജില്ലാ ഭാരവാഹികളും, അതാത് ജില്ലയിൽ നിന്നും തിരഞ്ഞെടുത്തു വന്ന സംസ്ഥാന ഭാരവാഹികളും ഗൗരവമായി എടുക്കും എന്ന് പ്രതീക്ഷയോടെ,

**എസ്. സലിം**
**ചീഫ് എഡിറ്റർ**

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
A. Nizarudeen
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
A. Fasiludeen
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
Abraham Kuriakose
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
V.K. Harilal **(South Zone)**
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058
B. Jayakrishnan **(Central Zone)**
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569
George Mundakkal **(North Zone)**
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**
A. Nizarudeen Mob: 94477 10078
P. J. Jose Mob: 98460 53553
Rajesh. G Mob: 98957 03837
Thomas Mathew Mob: 94470 46411

**PRINTER & PUBLISHER**
K.P. Ramachandran Nair
Mobile: 94470 17899

**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.



# എല്ലാം ശരിയാകും

## സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്

കൂടുതൽ വിവരങ്ങൾക്ക്

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org

പ്രസിഡൻഷ്യൽ റിപ്പോർട്ട്




# പുതുക്കിയ ലാന്റ് അലോട്ട്മെന്റ് പോളിസിയും, പുനഃപരിശോധിക്കേണ്ട വിഷയങ്ങളും

വ്യവസായ വകുപ്പിന്റെ കീഴിലുള്ള എസ്റ്റേറ്റുകളിലെ ലാന്റ് അലോട്ട്മെന്റ് പോളിസി ഉത്തരവിനെ തുടർന്ന് കെ.എസ്.ഐ.ഡി.സി.യുടെയും, കിൻഫ്രായുടെയും കീഴിലുള്ള എസ്റ്റേറ്റുകൾക്കും ടി ഉത്തരവ് ബാധകമാക്കിയത് സ്വാഗതാർഹമാണ്. എന്നാൽ ടി ഉത്തരവിൽ വ്യവസായികൾക്ക് ദോഷകരമായ ചില വ്യവസ്ഥകൾ പുനഃപരിശോധിക്കേണ്ടതായിട്ടുണ്ട്. ഇൻഡസ്ട്രീയൽ എസ്റ്റേറ്റിലെ വ്യവസായികൾക്ക് പുതിയ ലാന്റ് അലോട്ട്മെന്റ് പോളിസിയിൽ എന്തെങ്കിലും തരത്തിലുള്ള പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് 04.01.2024 ൽ മിഷൻ 1000 പരിപാടിയിൽ വെച്ച് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് പ്രഖ്യാപിക്കുകയുണ്ടായി.

പുതിയ ഉത്തരവിൽ ഹയർ പർച്ചേസ്/ഔട്ട്റൈറ്റ് പർച്ചേസ് വ്യവസ്ഥകൾ വന്നത് മാത്രമാണ് അനുകൂലമായിട്ടുള്ളത്. ഹയർ പർച്ചേസ് വ്യവസ്ഥയിൽ 50 ശതമാനം അടക്കണമെന്നുള്ളത് 25 ശതമാനമായി കുറക്കുകയും ബാക്കി 75 ശതമാനം 10 വർഷം കൊണ്ട് തുല്യ ഗഡുക്കളായി 5 ശതമാനം പലിശ നിരക്കിൽ അടക്കണമെന്ന വ്യവസ്ഥ കൊണ്ടു വരണം. വകുപ്പ് 12,13,14 എന്നിവ പ്രകാരം ഭൂമിയുടെ വില പുതുക്കി അടക്കണം എന്നത് പൂർണ്ണമായി ഒഴിവാക്കണം. ഹയർ പർച്ചേസ്/ഔട്ട്റൈറ്റ് പർച്ചേസ് വ്യവസ്ഥയിൽ ഭൂമി ലഭിച്ചവർക്കും പട്ടയം ലഭിച്ചവർക്കും മോർട്ട്ഗേജിന് ട്രൈപാർട്ടി എഗ്രിമെന്റ് വ്യവസ്ഥ പൂർണ്ണമായും ഒഴിവാക്കണം. 23 (1) II, III ഈ വകുപ്പുകൾ 1969, 1970 ലെ ഉത്തരവുകളിൽ ഇല്ലാത്തതാണ്. സംരംഭകരെ സാമ്പത്തികമായി ഭയപ്പെടുത്തുന്ന ഈ വകുപ്പുകൾ പൂർണ്ണമായും ഒഴിവാക്കണം. വകുപ്പ് 29–ൽ ഭൂനികുതി ഒഴികെ മറ്റൊരു നികുതിയും അടക്കേണ്ടതില്ലയെന്ന വ്യവസ്ഥ വേണം. വകുപ്പ് 33, 34 (4), 34 (7) സംരംഭകരുമായി ഹിയറിങ്ങ് നടത്തി വേണം പിഴ നിശ്ചയിക്കേണ്ടത്. വകുപ്പ് 37 (3) വ്യവസ്ഥ പൂർണ്ണമായും ഒഴിവാക്കണം. നോട്ടിഫൈ ചെയ്ത വ്യവസായ എസ്റ്റേറ്റുകളെ ഇൻഡസ്ട്രീയൽ ടൌൺഷിപ്പായി പരിഗണിക്കേണ്ടതാണ്. ഈ വ്യവസ്ഥ ഇന്ത്യൻ ഭരണഘടനയിലെ വകുപ്പ് 24 (3) Q പ്രകാരം വ്യവസായ എസ്റ്റേറ്റുകൾ, പാർക്കുകൾ തുടങ്ങിയവ ഇൻഡസ്ട്രീയൽ ടൌൺഷിപ്പായി പരിഗണിക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. പട്ടയം ഉത്തരവിൽ സംരംഭകർക്ക് ദോഷകരമായ വ്യവസ്ഥകൾ ഒന്നും ഉണ്ടാകാൻ പാടില്ല. ആറാമത്തെ വ്യവസ്ഥ (any other conditions) ഒഴിവാക്കണം. 25 സെന്റ് വരെയുള്ള കൈമാറ്റത്തിന് 10,000 രൂപയായി പ്രൊസ്സസിങ്ങ് ഫീസ് നിജപ്പെടുത്തണം. വ്യവസായ എസ്റ്റേറ്റിൽ സംരംഭകന് ആവശ്യമായ സ്ഥലം കഴിഞ്ഞ് ബാക്കിയുണ്ടെങ്കിൽ അത് വ്യവസായം നടത്തുന്നതിന് മറ്റൊരു സംരംഭകന് കൈമാറ്റം ചെയ്യാനുള്ള വ്യവസ്ഥ വേണം. മറ്റു സംസ്ഥാനങ്ങളിൽ അതത് സംസ്ഥാനങ്ങളുടെ ബിൽഡിങ്ങ് കോഡാണ് ഉപയോഗിക്കുന്നത്, നമ്മുടെ സംസ്ഥാനത്തിൽ നാഷണൽ ബിൽഡിങ്ങ് കോഡാണ് ഉപയോഗിച്ചുവരുന്നത്. സംസ്ഥാനത്തിന്റേതായ ഒരു ബിൽഡിങ്ങ് കോഡോ അല്ലെങ്കിൽ ഇൻഡസ്ട്രീയൽ എസ്റ്റേറ്റിനു മാത്രമായി ഒരു കെട്ടിട നിർമ്മാണചട്ടമോ കൊണ്ട് വരേണ്ടതാണ്.

കേരളത്തിൽ സിഡ്കോ ബോർഡിന്റെ കീഴിൽ 17 ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളാണ് ഉള്ളതിൽ 6 എണ്ണത്തിന് പട്ടയം കൊടുക്കാനുണ്ട്. റവന്യു വകുപ്പ് സിഡ്കോയ്ക്ക് ഈ ഭൂമി ഇതുവരെ പതിച്ച് നല്കിയിട്ടില്ല. ഈ 6 എസ്റ്റേറ്റുകൾക്ക് എത്രയും വേഗം പട്ടയം ലഭ്യമാക്കണം. അതുപോലെ തന്നെ മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകൾക്കും, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള എസ്റ്റേറ്റുകൾക്കും അനുയോജ്യമായ ഒരു എക്സിറ്റ് പോളിസി ഉണ്ടാകേണ്ടത് അനിവാര്യമാണ്. മേൽ പറഞ്ഞ കാര്യങ്ങളിൽ അടിയന്തിര നടപടികൾ ഉണ്ടായാൽ വ്യവസായ സംരംഭങ്ങൾ സുഗമമായി പ്രവർത്തിക്കാനുള്ള സാഹചര്യം സംജാതമാകും. മേൽ പറഞ്ഞ നിർദ്ദേശങ്ങൾക്ക് യുക്തമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ■

**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**


KELCON
THE KERALA STATE 'A' GRADE ELECTRICAL CONTRACTORS' ASSOCIATION
Kerala's Biggest
Electrical Engineering
EXPO
electric world 2024
Technology + Safety
8th EDITION
ELECTRICAL ENGINEERING EXPO
March 01 – 04
Marine Drive Ground, Ernakulam, Kerala
GENERATION | DISTRIBUTION | LIGHTING | RENEWABLES | POWER ELECTRONICS | POWER TOOLS | EV
THE KERALA STATE 'A' GRADE ELECTRICAL CONTRACTORS' ASSOCIATION
3rd Floor Kalayan Chambers, Chittoor Road, Kochi - 682016. Mob: 94470 85716, 75928 99111
E-mail : kelconelectricworld@gmail.com, www.kelcon.in

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി



# വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭകർക്ക് കെട്ടിട നികുതി അടക്കണമെന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അയക്കുന്ന നിയമ വിരുദ്ധമായ നോട്ടീസുകൾ പിൻവലിക്കണം

സംസ്ഥാനത്തിലെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ, ഏരിയാകൾ, ഡവലപ്പ്മെന്റ് പ്ലോട്ട് തുടങ്ങിയ സ്ഥലങ്ങളിൽ വ്യവസായം നടത്തുന്നതിന് കെട്ടിടം സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ ബിൽഡിങ്ങ് ടാക്സ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ചില പ്രദേശങ്ങളിലെ എസ്റ്റേറ്റുകളിൽ വ്യവസായികളോട് കെട്ടിട നികുതിയും തൊഴിൽ നികുതിയും അടക്കാനുള്ള നോട്ടീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അയച്ചു കൊണ്ടിരിക്കുകയാണ്. ഇതിനെതിരായി സംരംഭകർ കോടതിയിൽ പോയി സ്റ്റേ വാങ്ങിക്കുകയുണ്ടായി. വ്യവസായ പ്രദേശം എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ പെടാത്ത മേഖലയാണെന്നും ഈ വിഷയത്തിൽ അവർക്ക് യാതൊരു അധികാരവും ഇല്ല എന്നും വ്യക്തമാക്കി കൊണ്ട് WP (C)/7829/2012, 21.10.2012 തിയതിയിൽ ബഹു. ഹൈക്കോടതി ഉത്തരവുണ്ട്. ഇങ്ങനെയൊരു ഉത്തരവ് ഉണ്ടായിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾ കെട്ടിട നികുതി അടക്കണമെന്ന് നോട്ടീസുകൾ സംരംഭകർക്ക് അയച്ചു കൊണ്ടിരിക്കുകയാണ്. ഈ പശ്ചാതലത്തിൽ എസ്റ്റേറ്റിലെ സംരംഭകരുടെ കെട്ടിടങ്ങൾക്ക് നികുതികൾ ഒഴിവാക്കി കൊണ്ട് പൊതുവായ ഉത്തരവ് ഇറക്കണമെന്ന് സംഘടന സർക്കാരിന് നിവേദനം നല്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 40 എസ്റ്റേറ്റുകളെയും നോട്ടിഫൈഡ് ഏരിയായി പ്രഖ്യാപിച്ചുകൊണ്ട് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തി സർക്കാർ പ്രത്യേക ഉത്തരവുകളും ഇറക്കുകയുണ്ടായി. ഈ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വ്യവസായ എസ്റ്റേറ്റുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യാതൊരുവിധ അധികാരമോ നികുതികൾ പിരിക്കാനോ അധികാരമില്ല. എന്നാൽ സർക്കാർ ഉത്തരവ് മാനിക്കാതെ വ്യവസായ എസ്റ്റേറ്റുകളിലെ സംരംഭകർക്ക് കെട്ടിട നികുതി അടക്കണമെന്നുള്ള നിയമ വിരുദ്ധമായ നോട്ടീസ് അയച്ചുകൊണ്ടിരിക്കുകയാണ്.

സംസ്ഥാനത്തിലെ നിലവിലുള്ള വ്യവസായ സൗഹൃദ അന്തരീക്ഷം തകർക്കാൻ ചില ഉദ്യോഗസ്ഥതല നീക്കം അവസാനിപ്പിക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്റ്റേറ്റിലെ സംരംഭകർക്ക് അയച്ചുകൊണ്ടിരിക്കുന്ന നോട്ടീസുകൾ റദ്ദ് ചെയ്യാനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

# ചോദ്യോത്തര പംക്തി

## GST

## ജി.എസ്.ടി യെ വെറുമൊരു നികുതി നിയമമായി മാത്രം കണ്ടാൽ പോരാ! അത് ഇന്ത്യയുടെ ഭാവിയെ വരെ നിയന്ത്രിച്ചേക്കാം



അഡ്വ.കെ.എസ്.ഹരിഹരൻ

ജി.എസ്.ടി.യുടെ ഏഴാം വർഷത്തിലേക്ക് കടക്കാൻ ഇനി അധിക നാളുകളില്ല. കൃത്യമായി പറഞ്ഞാൽ ആറര വർഷം കഴിഞ്ഞിരിക്കുന്നു. ജി.എസ്.ടി.യിൽ എന്തൊക്കെ നടന്നുവെന്ന് അവലോകനം ചെയ്യേണ്ട സമയം തന്നെയാണ് 2024 ലെ പുതുവത്സരം തുടങ്ങുന്ന ഈ ദിവസങ്ങൾ.

### ജി.എസ്.ടി. ഇന്ത്യയുടെ ആഗോള കരാറുകളുടെ കൂടി ഭാഗമാണ്.

ജി.എസ്.ടി. ഇന്ത്യയിൽ നടപ്പാക്കിയത് ആഗോളമായി ഇന്ത്യക്കു കൂടി ബാധകമായ പല കരാറുകളുടെയും പ്രതിഫലനമാണ്. സങ്കീർണ്ണമായ ഒരു നികുതി വ്യവസ്ഥ വളരെ ലളിതമായ രീതിയിൽ വേണമെന്നുള്ള വർഷങ്ങളായിട്ടുള്ള ആവശ്യമാണ് ജി.എസ്.ടി.യിലൂടെ നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ ഇന്ന് എന്താണ് സംഭവിച്ചിട്ടുള്ളത്? ഇത്രയേറെ സങ്കീർണതകൾ നികുതി വ്യവസ്ഥയെ തകർക്കും എന്നതാണ് യാഥാർത്ഥ്യം.

### കേരളത്തിൽ എപ്പോഴും ചട്ടപ്പടി! വിട്ടുവിഴ്ച്ച ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം വേണം.

ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിലും ജി എസ്.ടി നിയമം ഒരേപോലെ നടപ്പാക്കേണ്ടപ്പോൾ, അതേ നിയമം കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലേതുപോലെ തന്നെ നടപ്പാക്കേണ്ടതല്ലേ? പക്ഷേ കേരളത്തിലെ ഉദ്യോഗസ്ഥരിൽ നല്ലൊരു ഭാഗവും, നിയമങ്ങളുടെ ചട്ടക്കൂട്ടിൽ നിന്നും അൽപംപോലും വ്യതിചലിച്ചു കൊണ്ട് പ്രായോഗിക നടപടികളിലേക്ക് കടക്കാൻ ശ്രമിക്കുന്നില്ല എന്ന് പറയേണ്ടി വരുന്നതിൽ വിഷമമുണ്ട്. അവർക്ക് അതിനുള്ള സ്വാതന്ത്ര്യമില്ലയെന്നു കൂടി പറയുന്നു. നികുതി ദായകർക്ക് കാലാകാലങ്ങളിൽ ഉണ്ടാകുന്ന പല വിധ ബുദ്ധിമുട്ടുകളും ഉദ്യോഗസ്ഥരോ ഉത്തരവാദിത്വമുള്ള മറ്റുള്ളവരോ കാര്യമായി പരിഗണിക്കുന്നില്ല എന്നത് വസ്തുതയാണ്. അതിന് പല കാരണങ്ങളാണുള്ളത്. ഒന്നാമത്തെ കാര്യം, നിയമം ചട്ടപ്പടി നടപ്പാക്കിയേ പറ്റൂ എന്ന ചിന്ത കേരളത്തിൽ കൂടുതലല്ലേ? പ്രായോഗികമായ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തു കൊണ്ട് കുറച്ചു വിട്ടുവീഴ്ചയോടെ ഉദ്യോഗസ്ഥർ തീരുമാനമെടുത്താൽത്തന്നെ ഉന്നത ഉദ്യോഗസ്ഥർ, ഇന്റേണൽ ഓഡിറ്റ് ആയിട്ടോ, അക്കൗണ്ടന്റ് ജനറലിന്റെ (C&AG) ഓഡിറ്റിന്റെ ഭാഗമായിട്ടോ ഒക്കെ എന്തെങ്കിലും ബുദ്ധിമുട്ടുകളോ, തെറ്റുകുറ്റങ്ങളോ അത്തരം വിട്ടുവിഴ്ചകൾ കണ്ടുപിടിക്കപ്പെട്ടാൽ ആ തെറ്റോ, കുറവോ വരുത്തിയ ഉദ്യോഗസ്ഥരെ ബാധിക്കുന്ന രീതിയിലേക്ക് കാര്യങ്ങൾ എത്തിച്ചേരുന്നത് കേരളത്തിൽ വളരെ കൂടുതലാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഒരു ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാലും, അബദ്ധം സംഭവിച്ചാലും അവരുടെ മേലുദ്യോഗസ്ഥർ അതിനെ മനസ്സിലാക്കുകയും തെറ്റ് സംഭവിച്ച ഉദ്യോഗസ്ഥന് കൂടുതൽ ബുദ്ധിമുട്ടുകൾ വരാത്ത രീതിയിൽ കാര്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ കേരളത്തിൽ അത്തരത്തിലുള്ള വിട്ടുവീഴ്ച പലപ്പോഴും കാണാറില്ല എന്നതല്ലേ വസ്തുത! നിയമങ്ങൾ അതിന്റെ ചട്ടപ്പടി മാത്രം നടപ്പിലാക്കിയാൽ മതിയെന്ന് കേരളത്തിലെ ഉദ്യോഗസ്ഥരെ പ്രേരിപ്പിക്കുന്നതും ഇത്തരം വസ്തുതകളാണ്.

### GST പോർട്ടൽ എന്ന വില്ലൻ; ഉത്തരവാദികൾക്ക് ഇപ്പോഴും കൂസലില്ല!

ഇത്രയേറെ വിവാദവും മടുപ്പും സങ്കീർണതകളും ഉണ്ടാക്കുന്ന വിഷയമാക്കി ജി എസ്. ടിയെ മാറ്റാൻ ഏറ്റവും നിർണായകമായ പങ്കുവഹിച്ചത് ജി.എസ്.ടി. നെറ്റ്‌വർക്ക് എന്ന വില്ലൻ തന്നെയല്ലേ? എത്രയോ ലളിതമായി ജി.എസ്.ടി. അവതരിപ്പിക്കാൻ സാധിക്കുമായിരുന്ന ജി എസ്.ടി നെറ്റ്‌വർക്ക് എന്ന ജി.എസ്.ടി. പോർട്ടലിനെ ഏറ്റവും സങ്കീർണ്ണമാക്കിയതിൽ ഒന്നാം പ്രതി ജി.എസ്.ടി. നെറ്റ്‌വർക്ക് വികസിപ്പിച്ചെടുത്ത കരാർ കമ്പനി തന്നെയാണ്. ഏതായാലും ജി.എസ്.ടി നെറ്റ്‌വർക്ക് പ്രവർത്തനക്ഷമം അല്ലാതാകുകയും, ജി.എസ്.ടി. യുടെ മാനേജ്മെന്റ് പ്രശ്ന കലുഷിതമാകുകയും ചെയ്തതിൽ വ്യാപാരികളോ, വ്യവസായികളോ, ചുരുക്കത്തിൽ ബിസിനസുകാർ അല്ല കുറ്റക്കാർ എന്നതിൽ സംശയമില്ല. ചാർട്ടേർഡ് അക്കൗണ്ടന്റ്മാരോ, കോസ്റ്റ് അക്കൗണ്ടന്റ്മാരോ, ടാക്സ് പ്രാക്ടീഷണർമാരോ, ടാക്സ് കൺസൾട്ടന്റ്മാരോ ആണോ ഇക്കാര്യത്തിൽ കുറ്റക്കാർ? അവരുമല്ല.

ജി.എസ്.ടി. നെറ്റ്‌വർക്കിലൂടെ സങ്കീർണമായി ജി.എസ്.ടി.യെ അവതരിപ്പിച്ചതിൽ ഉത്തരവാദിത്തപ്പെട്ട അധികാരികൾ ഉണ്ടാവാം. അവർ എല്ലാവരും തന്നെ ബിസിനസുകാരുടെ ശരിയായ പ്രശ്നങ്ങളെ സഗൗരവം കണക്കിലെടുത്ത് സമയാസമയങ്ങളിൽ തീരുമാനങ്ങൾ എടുക്കാനുള്ള പരിശ്രമങ്ങൾ നടത്തേണ്ടതായിരുന്നു. അത്തരം വീഴ്ചകൾ പലതരത്തിലും നികുതി ദായകർക്കും, പ്രൊഫഷണലുകൾക്കും ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്.

### ദീർഘവീക്ഷണത്തോടുകൂടിയുള്ള സമീപനം ഇല്ലായ്മ

ഇന്ത്യൻ പാർലമെന്റിലും നിയമസഭകളിലും ജി.എസ്.ടി. നിയമങ്ങൾ അവതരിപ്പിച്ച് ചർച്ച ചെയ്തപ്പോൾ ബിസിനസുകാർ ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ പ്രൊഫഷണൽ ആയി പഠിച്ച് പാർലമെന്റ് മെമ്പർമാരെയും, നിയമസഭാ അംഗങ്ങളെയും മറ്റു ഉയർന്ന ഉദ്യോഗസ്ഥരെയും ജി.എസ്.ടി.

സംബന്ധിച്ച നിയമങ്ങളുടെ കുറവുകൾ ബോധ്യപ്പെടുത്താൻ ശ്രമിച്ചിട്ടില്ല. വ്യവസായ അസോസിയേഷനുകൾ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടെങ്കിൽ പോലും ബന്ധപ്പെട്ടവർ ആ നിയമങ്ങളിൽ ഉൾപ്പെടുത്താൻ വേണ്ടണ്ടവിധത്തിൽ ജാഗ്രത കാട്ടാതിരുന്നതിന്റെ ഒക്കെ പരിണിത ഫലമാണ് ജി.എസ്.ടി. യുടെ ഈ ഏഴാം വാർഷികത്തിലും ദിനംപ്രതി പുതിയ പുതിയ മാറ്റങ്ങൾ ജി എസ്.ടി. നിയമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത് എന്നതല്ലേ സത്യം?

നികുതി പിരിവ് കൂട്ടിയെടുക്കുക എന്ന സങ്കോചിത ചിന്തകളിലും പരിമിതമായ ആവശ്യത്തിലും കിടന്നുറങ്ങുന്ന പ്രമുഖരായ ഉദ്യോഗസ്ഥരും, അധികാര കേന്ദ്രങ്ങളും, സാമ്പത്തിക ശാസ്ത്രത്തിന്റെ വിവിധ വശങ്ങളിൽ ശ്രദ്ധയൂന്നിയിരുന്നെങ്കിൽ ബിസിനസുകാർ അഭിമുഖീകരിക്കുന്ന ജി.എസ്.ടി. യുമായി ബന്ധപ്പെട്ട കാതലായ പല പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കുമായിരുന്നു. അത്തരം പ്രശ്നങ്ങൾ സമയ ബന്ധിതമായി പരിഹരിക്കേണ്ടത് അനിവാര്യമാണ്. അത് രാജ്യത്തിന്റെ നിലനിൽപ്പിന്റെ കൂടി കാര്യമാണെന്ന് സ്വയം മനസ്സിലാക്കാൻ പോലും പല പ്രമുഖ ഉദ്യോഗസ്ഥരും ശ്രമിക്കുന്നില്ല. ഇവിടെ ഒരു പ്രത്യേക കാര്യം ശ്രദ്ധിക്കേണ്ടത് കേന്ദ്ര തലത്തിലായാലും, സംസ്ഥാന തലത്തിലായാലും, മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഉന്നത ഉദ്യോഗസ്ഥരുടെ സംഘം (Team of top officials) ജി.എസ്.ടി. ക്ക് മാത്രമായി ഉണ്ടായിട്ടുണ്ടോയെന്ന് ഇനിയെങ്കിലും പരിശോധിക്കേണ്ടതായിട്ടുണ്ട്. പലപ്പോഴും പല വകുപ്പുകളുടെയും ഒക്കെ തന്നെ തലവന്മാരായിരിക്കാം ഇത്തരം കാര്യങ്ങൾ കൂടി ചെയ്യാൻ വേണ്ടി അധിക ചുമതലയിൽ നിയമിക്കപ്പെടുന്നത്. അതും ജി.എസ്.ടി. യുടെ പ്രവർത്തനത്തിന്റെ വിജയലക്ഷ്യത്തിന് തടസ്സം തന്നെയാണ്.

## കേരളത്തിൽ ജി എസ്.ടി. ക്ക് മാത്രമായി സ്വതന്ത്ര ചുമതലയുള്ള കമ്മീഷണർ ഇല്ലാത്ത അവസ്ഥ

### ടി. എൻ ശേഷൻ എന്ന പ്രതിഭ ഇലക്ഷൻ കമ്മീഷണർ പദവി കൈകാര്യം ചെയ്തത് ഓർമ്മയില്ലേ?

ബഹുമാന്യനും യശഃശരീരനുമായ ടി.എൻ. ശേഷൻ എന്ന പ്രതിഭ കേന്ദ്ര ഇലക്ഷൻ കമ്മീഷണറായപ്പോൾ, ജനറൽ ഇലക്ഷനിലുള്ള വീഴ്ചകളും കുറവുകളും നിയന്ത്രിച്ചിട്ടുണ്ടായിരുന്നു. ഇലക്ഷൻ കമ്മീഷണർ കേന്ദ്രസർക്കാരിന്റെ ഒരു ഉദ്യോഗസ്ഥൻ എന്ന പരിമിത പദവി അലങ്കരിക്കുന്ന വ്യക്തിയേയല്ല എന്നും ഒരുപാട് അധികാരങ്ങളുള്ള ഒരു ഭരണഘടന പദവി ആണെന്നും യശഃശരീരനായ ടി.എൻ.ശേഷൻ പൊതുജനത്തിന് കാണിച്ചു തന്നതുപോലെ പരോക്ഷ നികുതി മേഖല നികുതി വരുമാനം കൂട്ടാൻ വേണ്ടി മാത്രമുള്ള ഒരു ബോർഡ് അല്ല എന്നും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടെയും സാമ്പത്തിക രംഗത്തെ ഇന്നും നാളെയും മാത്രമല്ല നാളെയുടെ നാളെകളിൽ പോലും സാമ്പത്തിക സാമൂഹ്യ സാംസ്കാരിക രംഗത്തെ മികവുറ്റതാക്കി ലോകരാജ്യങ്ങളുടെ മുന്നിൽ തലയുയർത്തി നിർത്തിക്കാനുള്ള ആസൂത്രണത്തിന്റെ അടിസ്ഥാന ശിലകളിൽ ഒന്നാണ് എന്നും മനസിലാക്കി പ്രവർത്തിക്കുന്ന സ്വതന്ത്ര ചുമതലയുള്ളവർ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ബിസിനസ് സമൂഹം, കാലാകാലങ്ങളിൽ ജി.എസ്.ടി. ഉൾപ്പെടെയുള്ള നിയമങ്ങളിലെ പ്രാവർത്തികമല്ലാത്ത പല പ്രശ്നങ്ങളും ചൂണ്ടി ക്കാണിക്കുമ്പോൾ അവ സജീവമായി പഠിക്കാൻ അധികാര കേന്ദ്രങ്ങൾ ശ്രദ്ധ കൊടുത്തിരുന്നെങ്കിൽ ഇപ്പോഴത്തെ പല പ്രശ്നങ്ങളും ഒഴിവാക്കാമായിരുന്നില്ലേ? ഇന്നിപ്പോൾ പതിനായിരക്കണക്കിന് നോട്ടിഫിക്കേഷനു കളും, സർക്കുലറുകളും മറ്റു ഭേദഗതികളും കേവലം ആറര വർഷം കൊണ്ട് ജി.എസ്. ടി.യെന്ന ഒരു നിയമത്തിലുണ്ടായത് ആ നിയമത്തിന്റെ അവതരണത്തി ലെ കാഴ്ചപ്പാടില്ലായ്മയാണെന്ന് ആർക്കാണ് മനസ്സിലാകാത്തത്!

## ഇന്നും മാറ്റങ്ങൾ വരുത്തിക്കൊണ്ടേയിരിക്കുന്ന ജി. എസ്. ടി. പോർട്ടൽ

ഇൻഫോസിസ് (INFOSYS) എന്ന വൻകിട സോഫ്റ്റ് വെയർ കമ്പനി ജി.എസ്.ടി. നെറ്റ്‌വർക്ക് വേണ്ടണ്ടവിധത്തിൽ പ്ലാൻ ചെയ്യാത്തതിനാൽ ഇന്ത്യക്കുണ്ടായ നാശനഷ്ടങ്ങളും നാണക്കേടും ഒരുപക്ഷേ സർക്കാരിനു പോലും ഷോക്കായിരിക്കാം. ജി.എസ്. ടി. നെറ്റ്‌വർക്കിന്റെ പ്രവർത്തനം തകിടം മറിച്ചത് കേവലം പാർലമെന്റ് പാസാക്കിയ ജി.എസ്.ടി. യുടെ നിയമ നിർമാണത്തിലെ പോരായ്മ ആണെന്ന് അധികാരികൾ ഇതുവരെയും സമ്മതിച്ചിട്ടില്ല. ജി.എസ്.ടി. പോർട്ടലിന്റെ കരാറുകരായ ഇൻഫോസിസിനോട് വേണ്ടണ്ടവിധത്തിലുള്ള നഷ്ടപരിഹാരം പൂർണമായും ഇതുവരെയും ഈടാക്കിയിട്ടില്ല എന്നു തന്നെ പറയേണ്ടിവരും.

ജിഎസ.്ടി. ആർ–2 (GSTR-2), ജി എസ്ടി ആർ –3 (GSTR-3) തുടങ്ങിയവയുടെ ലഭ്യതയും ജി.എസ്.ടി നിയമത്തിലെ പ്രസക്തമായ മറ്റു കാര്യങ്ങളെയും ജി.എസ്.ടി. നിയമത്തിന്റെ സുപ്രധാന വകുപ്പുകളെയും തകിടം മറിക്കുന്ന ജി.എസ്.ടി. നെറ്റ്‌വർക്കിന്റെ (GSTN) ഉത്തരവാദിത്വമുള്ള കരാറുകാർ എന്ന നിലയിൽ ഇൻഫോസിസിന്റെ അനാസ്ഥ അല്ലെങ്കിൽ ദീർഘവീക്ഷ ണമില്ലായ്മയാണ് ജി.എസ്.ടി യെ പരാജയപ്പെടുത്തിയത്. ജി.എസ്.ടി പോർട്ടലിനുവരെ ആയിരത്തോളം വിശദീകരണങ്ങൾ ഉദ്യോഗസ്ഥർക്കും, നികുതിദായ കർക്കും, മറ്റുള്ളവർക്കും നൽകേണ്ടി വന്നിട്ടുണ്ടെങ്കിൽ സാധാരണ നികുതിദായകന് എന്തുചെയ്യാൻ കഴിയും? അത്രമാത്രം ആസൂത്രണക്കുറവ് ജി.എസ്.ടി. യുടെ സോഫ്റ്റ്‌വെയർ നിർമ്മാണത്തിൽ ഉണ്ടായിരുന്നു. ഇന്നും അത് തുടരുന്നു. ഈ ലേഖനം എഴുതുന്ന രണ്ടായിരത്തി ഇരുപത്തിനാല്, ജനുവരി മൂന്നാം തീയതി പോലും ജി.എസ്.ടി.ആർ –ഒന്ന് എന്ന ഫോമിന്റെ (GSTR-1) പതിനാല്, പതിനഞ്ച് എന്ന ടേബിളുകളിൽ പുതിയ പരിഷ്കാരങ്ങൾ വരുത്തിയിരിക്കുന്നു. ജി.എസ്.ടി. അധികാരികൾ ആറര വർഷം കഴിഞ്ഞിട്ടും ഇന്നും കാട്ടുന്ന കെടുകാര്യസ്ഥത ഇന്ത്യൻ പരോക്ഷ നികുതി മേഖലയ്ക്ക് തീരാകളങ്കമാണ്.

## ജി. എസ്. ടി. നടപ്പാക്കുന്നതിൽ സുപ്രീം കോടതി യുടെ നിരീക്ഷണം :

2021 –ൽ രാധാകൃഷ്ണൻ ഇൻഡസ്ട്രീസിന്റെ കേസിൽ (Radhakrishnan Industries VS State of Himachal Pradhesh & Ors, SLP (c) No:1688 of 2021, Civil Appeal No 1155 of 2021) ബഹുമാനപ്പെട്ട സുപ്രീം കോടതി ചൂണ്ടിക്കാണിച്ച ചില വരികൾ ജി.എസ.്ടി.യുടെ നാലാം വർഷത്തിൽ ആയിരുന്നെങ്കിൽ ഈ ഏഴാം വർഷത്തിന്റെ അന്ത്യയാമ ത്തിൽ കോടതികൾ ജി.എസ്. ടി. നിയമങ്ങൾ അപ്രായോഗ്യമാണെന്ന് പറഞ്ഞാലും അതിശയമില്ല.

# ചോദ്യോത്തര പംക്തി

2021 –ൽ പാർലമെന്റിലൂടെ അവതരിപ്പിച്ച ജി.എസ്.് ടി നിയമങ്ങൾ പ്രതീക്ഷിച്ചതും, അറിഞ്ഞതുമായ നിയമമല്ല ഉദ്യോഗസ്ഥർ ഇന്ത്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ നടപ്പാക്കി കൊണ്ടിരിക്കുന്ന പല കാര്യങ്ങളും Draconian (നിർദ്ദയമായ)പരിഷ്കാരങ്ങൾ (SLP (c) No 1688 of 2021) പോലെയാണെന്ന് സുപ്രീം കോടതി പറഞ്ഞാൽ ബാക്കി എന്താകുമെന്ന് നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ.

**ഈ സാഹചര്യങ്ങളിൽ സർക്കാർ ഇടപെട്ട് ജി.എസ്.ടി കൗൺസിലിലൂടെ ഉടൻ നടപ്പാക്കേണ്ട ചില കാര്യങ്ങൾ താഴെപ്പറയുന്നു:**

1. നികുതിക്കുമേൽ നികുതി വന്നിട്ടുള്ള എല്ലാ അസ്സസ്മെന്റുകളും, അത്തരം ഒരവസ്ഥ വരാതിരിക്കുവാനായിട്ടുള്ള നടപടികൾക്കായി ജില്ലാ തലത്തിലുള്ള ജോയിന്റ് കമ്മീഷണർമാർക്ക് അധികാരം നൽകി പ്രത്യേക അപേക്ഷ സമർപ്പിക്കാനും അത്തരത്തിലുള്ള എല്ലാ നികുതിയും, പിഴയും, പലിശയും നികുതിദായകരുടെ ക്യാഷ്/ക്രെഡിറ്റ് ലെഡ്ജറിലേക്ക് മാറ്റി നികുതിദായകർക്ക് തുടർന്നങ്ങോട്ടുള്ള സമയത്ത് ആ തുക ജി.എസ്.ടി ബാധ്യതയിലേക്ക് ഉപയോഗിക്കുവാൻ അവസരമൊരു ക്കുക.
2. നിലവിലുള്ള ജി.എസ്.ടി നിയമത്തിൽ പതിനാറാം വകുപ്പിന്റെ നാലാം ഉപ വകുപ്പു (Sec 16 (4)) ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നികുതിക്കു മേൽ നികുതി വരാൻ ഇടയുണ്ട്. അത് വരാതിരിക്കാൻ വേണ്ടുന്ന നിലയിൽ നിയമ പരിഷ്കാരം ഉറപ്പാക്കുക.
3. നികുതി വെട്ടിപ്പ് നടത്തുന്നവർക്ക് യാതൊരുവിധ ഇളവും നൽകാതെ യഥാർത്ഥ നികുതി തുകയും, പലിശയും, മിനിമം പിഴയും അടച്ചു മാത്രം കുറ്റവിമുക്തരാകാനുള്ള രീതിയിൽ ഭേദഗതി ഉറപ്പാക്കുക.
4. 50 ലക്ഷത്തിനു മുകളിൽ ടേൺ ഓവറുള്ളവർക്ക് E-invoice നിർബന്ധമാക്കുക.
5. ഇ –വേ ബിൽ (E-way bill), ഇ – ഇൻവോയ്സ് (E-invoice) സൗകര്യങ്ങൾ ജി.എസ്.ടി. യിൽ പ്രവർത്തനക്ഷമ മാകാത്ത സന്ദർഭങ്ങളിൽ, ഹാർഡ് കോപ്പി (Printed copy) ഉപയോഗിക്കാനുള്ള സൗകര്യം നിയമാനുസൃതമാക്കുക.
6. സപ്ലയർ തരുന്ന സാധനങ്ങളുടെയോ, സേവനങ്ങളുടെയോ ഇൻവോയ്സുകളിൽ ജി.എസ്.ടി. ആവശ്യമുള്ള പക്ഷം ജി.എസ്.ടി. പോർട്ടലിലേക്ക് സ്വീകർത്താവിന് (Recipient) തന്നെ നേരിട്ട് അടക്കാനുള്ള സൗകര്യം നൽകുക.
7. എല്ലാ ജി.എസ്.ടി. ഓഫീസുകളിലും പ്രശ്നപരിഹാരത്തിനായി ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരെ/പ്രൊഫഷണലുകളെ നിയമിച്ചുകൊണ്ട് എമർജൻസി സെല്ലുകൾ (Emergency cell) തുറന്ന് സേവനം ഉറപ്പാക്കുക.
8. ഉദ്യോഗസ്ഥരുടെയും ജി.എസ്.ടി. പോർട്ടലിന്റെയും ഏതുതരം വീഴ്ചയ്ക്കും നികുതിദായകന് നഷ്ടപരിഹാരം ഉറപ്പാക്കാൻ നിയമ നിർമ്മാണം നടത്തുക. നികുതിദായകന് നഷ്ടമുണ്ടാക്കുന്ന നിയമ വിരുദ്ധമായ ഉത്തര വുകൾ മനഃപൂർവം ദുഷ്ടലാക്കോടെ പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്ക് സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള ശിക്ഷ ഉറപ്പാക്കുക.
9. സാങ്കേതിക പ്രശ്നങ്ങൾക്ക് പെനാൽറ്റി പിഴ ഈടാക്കാൻ പാടില്ല എന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്യുക.
10. നികുതിദായകൻ നൽകുന്ന ജി.എസ്.ടി. സംബന്ധിച്ച പരാതികൾ, ക്ലാരിഫിക്കേഷൻ, "Grievance" തുടങ്ങിയവയിൽ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ നടപടികളായിട്ടില്ലെങ്കിൽ, പ്രസ്തുത കാര്യത്തിൽ നികുതി ദായകൻ സ്വന്തം നിലയിൽ എടുക്കുന്ന തീരുമാനങ്ങൾ നിയമ വിധേയമാകുമെന്ന നിലയിലോ, അല്ലെങ്കിൽ കൃത്യമായ അറിയിപ്പ് അത്തരം കാര്യങ്ങളിൽ ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിൽ നിന്നും കിട്ടുന്ന തീയതി വരെയെങ്കിലും പിഴയോ, പലിശയോ, മറ്റു നടപടികളോ ഒഴിവാക്കുന്ന തരത്തിലുള്ള ഭേദഗതികൾ നടപ്പിലാക്കുക.
11. ജി.എസ്.ടി. നിയമം പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾ ഉണ്ടായിരുന്ന നാൽപത്തിയൊന്നാം വകുപ്പ് ആകപ്പാടെ മാറ്റിയിരിക്കുന്നു. അതേപോലെ നാൽപത്തി രണ്ടാം വകുപ്പും, നാൽപത്തി മൂന്നാം വകുപ്പും എടുത്തു കളഞ്ഞിരിക്കുന്നു.' രാധാകൃഷ്ണൻ ഇൻഡസ്ട്രീസിന്റെ കേസിലെ ബഹുമാനപെട്ട സുപ്രീം കോടതിയുടെ നിരീക്ഷണങ്ങൾ കൂടി വായിച്ചാൽ പാർലമെന്റിൽ അവതരിപ്പിച്ച ജി.എസ്.ടി. നിയമങ്ങൾ ഇന്ന് അപ്പാടെ മാറിയിരിക്കുന്നുവെന്ന് കൃത്യമായി മനസ്സിലാവും. അതിനാൽ മാറ്റം വരുത്തിയ തീയതിക്ക് മുമ്പ് ഉണ്ടായിരുന്ന നിയമസംരക്ഷണം ഉറപ്പാക്കാൻ വേണ്ടണ്ട ഭേദഗതികൾ നടപ്പിലാക്കണം.അതായത് മിസ്മാച്ചിന്റെ (Mismatch) പേരിൽ ഇപ്പോൾ നിലനിൽക്കുന്ന ഡിമാൻഡുകൾക്കോ, ഓർഡറുകൾക്കോ നിയമ സംരക്ഷണം ഉണ്ടാക്കാൻ പാടില്ലാത്ത നിലയിൽ ഭേദഗതികൾ ഉറപ്പാക്കുക.

ജി.എസ്.ടി. യെ ഒരു ചെറിയ പരോക്ഷ നികുതി നിയമമാക്കി ചുരുക്കി നിർത്താതെ ജി.എസ്.ടി. യെ വിശാലമായി കണ്ട് ഇന്ത്യയുടെ ഭാവിയിൽ ജി.എസ്.ടി. പോലുള്ള പരോക്ഷനികുതി നിയമങ്ങൾ ലളിതമാക്കിയേ മതിയാവൂ എന്ന കാഴ്ചപ്പാട് നമ്മുടെ നാട്ടിൽ ഉണ്ടാവേണ്ടതുണ്ട്. അത് രാജ്യത്തിന്റെ മൊത്തം സാമ്പത്തിക ആസൂത്രണത്തിന്റെ അടിസ്ഥാന ശില കൂടിയാണെന്ന ചിന്ത അധികാര കേന്ദ്രങ്ങളിലുള്ളവർ ഉൾപ്പെടെ ഓരോരുത്തരും മനസിലാക്കുമ്പോൾ ജി.എസ്.ടി. ലളിതമാകും, അത് ജനകീയമാകും, അങ്ങനെ ജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാവുകയുമില്ല. ഈ പുതുവർഷത്തിൽ അങ്ങനെയൊരു മാറിയ ചിന്ത ഉണ്ടാകട്ടെ എന്ന് പ്രത്യാശിക്കുന്നു. 'ഒരു രാജ്യം ഒരു നികുതി' (One Nation, One Tax) എന്ന ജി.എസ്.ടി. യുടെ അടിസ്ഥാനതത്വത്തിലേക്ക് മുഴുവനായി എത്തിച്ചേരേണ്ടതുണ്ട്. നികുതിക്ക് മേൽ നികുതി ഈടാക്കാനുള്ള ഒരു അവസ്ഥ ഉണ്ടാവുകയില്ലാ എന്ന ഉറപ്പ് ജി.എസ്.ടി. യിൽ ഉണ്ടായേ മതിയാവൂ. അത്തരത്തിലുള്ള സുതാര്യമായ ജി.എസ്.ടി. എന്ന സ്വപ്നം 2024 ൽ എല്ലാവരിലും പ്രബലമാകട്ടെയെന്ന് ലേഖകൻ ആശിക്കുന്നു.

**അഡ്വ. കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM
**ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ**
✆ 9846227555, 7902443188, 7907000401

KSSIA NEWS
JANUARY 2024



# ഗ്രൂപ്പ് അപകട ഇൻഷുറൻസ്



**വിശ്വനാഥൻ ഒടാട്ട്**

ഏതുമേഖലയിൽ പ്രവർത്തിക്കുന്നവരായാലും ഭൂരിഭാഗം ആളുകളും ഏതെങ്കിലും ഒരു സംഘടനയുമായൊ, ഗ്രൂപ്പുമായൊ ബന്ധപ്പെട്ടിരിക്കും. സംഘടിതമേഖലയിൽ ഏതുകാര്യവും കൂടുതൽ വിലപേശുവാനും, മെമ്പർമാരുടെ പൊതുതാല്പര്യം കണക്കിലെടുത്ത് ചെയ്യുവാനും സാധിക്കുന്നു. ഒരാൾതന്നെ ഒന്നിൽ കൂടുതൽ സംഘടനയുമായൊ ഗ്രൂപ്പുമായൊ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതും വിരളമല്ല. തൊഴിലാളികൾ, ജീവനക്കാർ, വ്യാപാരികൾ, വ്യവസായികൾ, പ്രൊഫഷണലുകൾ, കൃഷിക്കാർ എന്നു തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽപെട്ട ആളുകൾക്ക് ഇന്ന് സംഘടനയുണ്ട്. വ്യക്തിയായാലും, കുടുംബമായാലും അപകടങ്ങൾ ദിനം പ്രതി കൂടുന്നതുകൊണ്ട് സാമ്പത്തിക നഷ്ടങ്ങൾ അപ്രതീക്ഷിതമായി ഏറ്റുവാങ്ങേണ്ടി വരുന്നു. സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും അനുയോജ്യമായ പോളിസികൾ നിലവിലുണ്ടെങ്കിലും ആകെ ജനസംഖ്യയുടെ പത്തു ശതമാനത്തിൽ താഴെ മാത്രമെ ഇൻഷ്വർ ചെയ്ത് സുരക്ഷിതരായിട്ടുള്ളൂ.

ഗ്രൂപ്പ് ഇൻഷ്വറൻസ് ചെയ്യുമ്പോൾ റിസ്ക് കവർ ചെയ്യുന്നത് അതിലെ മെമ്പർമാരാണ്, മാത്രമല്ല ഒരേ ഒരു പോളിസിയായിരിക്കും. ഇൻഷ്വറൻസ് കമ്പനികൾ അപകട ഇൻഷ്വറൻസിൽ നിന്നും ലഭിക്കുന്ന 20 ഓളം വിവിധങ്ങളായ റിസ്ക്കുകൾ കവർ ചെയ്യുവാൻ ഇന്നത്തെ സാഹചര്യത്തിൽ സാദ്ധ്യമാകും. ആളുകൾ കൂടുംതോറും പ്രീമിയത്തിൽ കുറവ് ലഭ്യമാണ്. അതുപോലെതന്നെ ഇൻഷ്വർ ചെയ്തവർഷങ്ങളിൽ ക്ലെയിം കുറവാണെങ്കിലും പ്രീമിയത്തിൽ കുറവ് ആവശ്യപ്പെടാവുന്നതാണ്.

കേരളത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസിന്റെ സാദ്ധ്യത വളരെവലുതാണ്. രാഷ്ട്രീയ പാർട്ടികൾ, മത മേഖലദ്ധ്യക്ഷന്മാർ, സംഘടനാ ഭാരവാഹികൾ, സഹകരണസ്ഥാപനങ്ങൾ, മൈക്രോഫൈനാൻസ് സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ, ജനശ്രീ പോലുള്ള സംഘടനകൾ, പഞ്ചായത്ത് /നഗര/കോർപ്പറേഷൻ എന്നിവരാണ് ഇതിന് മുൻകൈ എടുത്ത് പ്രവർത്തിക്കേണ്ടത്. ഏതു മേഖലയിലുള്ളവരായാലും അവരുടെ മെമ്പർമാരുടെ ക്ഷേമകാര്യങ്ങളിൽ മുൻകൈ എടുക്കുമ്പോൾ സംരക്ഷണ കാര്യങ്ങൾ മറക്കാതിരിക്കുക.

ഇന്ത്യയിലെ പൊതുമേഖലയിലെയും, സ്വകാര്യമേഖലയിലെയും ഇരുപതിലധികം കമ്പനികളിലൂടെ വിവിധതരം പോളിസികൾ ലഭ്യമാണ്. പോളിസി എടുക്കുന്നതിനനുസൃതമായി വിവിധ കമ്പനികളുടെ പോളിസികൾ താരതമ്യം ചെയ്യുക. പ്രത്യേകിച്ചും കവർചെയ്യുന്ന റിസ്ക്, ഇൻഷ്വർ ചെയ്യുന്ന തുക, പ്രീമിയം എന്നിവ കുടുംബത്തിന്റെ ഭദ്രതയ്ക്കായി എല്ലാവരും മുന്നിട്ടിറങ്ങി ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസികളിൽ അംഗങ്ങളാവൂ. നാളയെ നമുക്കിന്ന് കൃത്യമായി പ്രവചിക്കാനാവില്ലല്ലൊ. ■

**എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ.** 9895768333




# മിഷൻ 1000 ; ഒരായിരം വിജയകുതിപ്പൊരുക്കാൻ കരുത്തുപാകി വ്യവസായ വകുപ്പ്

നവകേരള നിർമാണത്തിന് ഊർജം പകരാനായി സംരംഭങ്ങളെ കൈപിടിച്ചുയർത്തുന്ന 'മിഷൻ 1000' പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം. നാലു വർഷംകൊണ്ട് 1000 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എം.എസ്.എം.ഇ.) ശരാശരി 100 കോടി വിറ്റുവരവുള്ള സ്ഥാപനങ്ങളാക്കി മാറ്റുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 88 സംരംഭത്തിനുള്ള ഓഫർലെറ്റർ മിഷൻ 1000 പദ്ധതിയുടെ ആദ്യഘട്ടം ഉദ്ഘാടനം ചെയ്തു കൊണ്ട് ബഹു. നിയമ വ്യവസായ, കയർ വകുപ്പ് മന്ത്രി പി. രാജീവ് കൈമാറി. 250 എണ്ണംകൂടി ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുമെന്നും ഓരോ യൂണിറ്റിനെയും സഹായിക്കാൻ വ്യവസായ വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കുമെന്നും മന്ത്രി പറഞ്ഞു. മിഷൻ 1000 പദ്ധതിയുടെ സബ്സിഡികൾക്കായി അപേക്ഷിക്കാനുള്ള ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

2022 ഏപ്രിൽ മുതൽ 2023 ഡിസംബർ വരെ രണ്ട് ലക്ഷം പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു. ഇതിൽ 3000 വനിതാ സംരംഭങ്ങളാണ്. ഒരു തദ്ദേശ സ്ഥാപനത്തിൽ ഒരു സംരംഭം എന്ന ലക്ഷ്യത്തിലുള്ള വ്യവസായ വകുപ്പിന്റെ പദ്ധതിക്ക് ഈ മാസം തുടക്കമാകും. കേരളത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞു കൊണ്ടുള്ള പദ്ധതികൾക്കാണ് പുതിയ വ്യവസായിക നയം പ്രാധാന്യം നൽകുന്നതെന്നും ബഹു. മന്ത്രി പറഞ്ഞു.



**സൂരജ് എസ്.**
**ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, കെബിപ്പ്**

- **തെരഞ്ഞെടുത്ത 88 സംരംഭങ്ങൾക്കുള്ള ഓഫർ ലെറ്റർ കൈമാറി**
- **4 വർഷംകൊണ്ട് 1000 സംരംഭങ്ങളെ 100 കോടി വിറ്റുവരവുള്ള സ്ഥാപനമാക്കും**

കേരളത്തിലെ എം.എസ്.എം.ഇ. കളിൽ നിന്നും തിരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ. കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന വ്യവസായ വകുപ്പ് 'മിഷൻ 1000' വിഭാവനം ചെയ്തിട്ടുള്ളത്. 2023 ൽ ആരംഭിച്ച പദ്ധതിയുടെ ആദ്യഘട്ടത്തിൽ 13 എം.എസ്.എം.ഇ. കളെയാണ്






തെരഞ്ഞെടുത്തിട്ടുള്ളത്. ഇവയുടെ ബിസിനസ് വിപുലപ്പെടുത്തുന്നതിനുള്ള പിന്തുണ വ്യവസായ വകുപ്പ് നൽകും.

വ്യവസായ സംരംഭകർക്ക് അതുല്യമായ അവസരമാണ് മിഷൻ 1000 പദ്ധതിയെന്നും എം.എസ്.എം.ഇ. കൾക്ക് മുന്നോട്ടു പോകാനുള്ള പ്രചോദനം ഇതു നൽകുമെന്നും ചടങ്ങിന് അധ്യക്ഷത വഹിച്ച ബഹു. എം.എൽ.എ. ആന്റണി രാജു പറഞ്ഞു. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ പ്രോത്സാഹം ഓരോ ഘട്ടത്തിലും നൽകുകയും അടുത്ത തലത്തിലേക്ക് നയിക്കുകയും ചെയ്യാൻ 'മിഷൻ 1000' പദ്ധതിയിലൂടെ സാധിക്കുമെന്ന് ചടങ്ങിന് സ്വാഗതം ആശംസിച്ച വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല ഐ.എ.എസ്. പറഞ്ഞു.

'മിഷൻ 1000' പദ്ധതിയിലൂടെ നിലവിലുള്ള 88 എം.എസ്.എം.ഇ. കൾ വിപുലീകരിക്കാൻ അവസരമൊരുക്കുന്നതിലൂടെ വ്യാവസായിക സംരംഭങ്ങൾക്ക് മാതൃകാപരമായ പ്രോത്സാഹനമാണ് ലഭിക്കുന്നതെന്ന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്. പറഞ്ഞു

കിൻഫ്ര എം.ഡി. സന്തോഷ് കോശി തോമസ്, എസ്.എൽ.ബി.സി. കേരള കൺവീനർ എസ്. പ്രേം കുമാർ, കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ, സി.ഐ.ഐ. കേരള മുൻ ചെയർമാൻ പി. ഗണേഷ് എന്നിവരും സംസാരിച്ചു. ഉദ്ഘാടന സമ്മേളനത്തിനു ശേഷം മിഷൻ 1000 പദ്ധതി, പുതിയ വ്യവസായ നയം എന്നീ വിഷയങ്ങളിൽ സംരംഭകർക്കായി അവതരണങ്ങളും നടന്നു.

മിഷൻ 1000 ന്റെ ഭാഗമായി വിപുലീകരിക്കുന്ന എം.എസ്.എം. കൾ ഉദ്യം രജിസ്ട്രേഷനോടെ കേരളത്തിൽ രജിസ്റ്റർ ചെയ്തവയും 2023 മാർച്ച് 31നകം കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചവയും ആയിരിക്കണം. കൂടാതെ നിർമാണ, സേവന മേഖലകളിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവയും ആയിരിക്കണം. തെരഞ്ഞെടുക്കപ്പെട്ട എം.എസ്.എം.ഇ . യൂണിറ്റുകൾക്ക് മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടി രൂപ) നൽകും. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 10% വരെ പലിശ ഇളവ് (50 ലക്ഷം രൂപ വരെ) ഉണ്ടായിരിക്കും. യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം ഒരു സംരംഭത്തിന് ഒരു ലക്ഷം രൂപ വരെയാണ്. യൂണിറ്റുകളെ സഹായിക്കാൻ വ്യവസായ വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെയും നിയമിക്കും.

2023 ഏപ്രിൽ 10 നാണ് 'മിഷൻ 1000' പദ്ധതിയിൽ എം.എസ്.എം.ഇ. കൾക്ക് അപേക്ഷിക്കാനായുള്ള ഓൺലൈൻ പോർട്ടൽ (https://mission1000.industry.kerala.gov.in). 2023 ഒക്ടോബർ 31 വരെ പോർട്ടലിൽ 500 ധികം അപേക്ഷകൾ ലഭിച്ചു. അതിൽ 180 എണ്ണം ഡയറക്ടറേറ്റ് തലത്തിലാണ് ലഭിച്ചത്. 2023 ഡിസംബർ 21 ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല അംഗീകാര കമ്മിറ്റി പരിശോധനകൾക്കുശേഷം 152 അപേക്ഷകൾ മിഷൻ 1000 പദ്ധതിയുടെ ആദ്യ ബാച്ച് തെരഞ്ഞെടുക്കുവാനായി സമർപ്പിച്ചു. ഈ അപേക്ഷകളിൽ 60 മാർക്കിനു മുകളിൽ ലഭിച്ച 88 അപേക്ഷകൾക്ക് അംഗീകാരം നൽകുകയും ഭാവി അപേക്ഷകൾ പരിഗണിക്കുന്നതിന് 60 എന്ന കട്ട് ഓഫ് സ്കോർ നിശ്ചയിക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങൾ സംസ്ഥാന സർക്കാർ എംപാനൽ ചെയ്ത ഏതെങ്കിലും കൺസൾട്ടന്റിന്റെ സഹായത്തോടെ സ്കെയിൽ അപ്പ് ഡി.പി.ആർ. തയ്യാറാക്കണം. ഈ ഡി.പിആറിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത്. ■

# കുതിച്ച് ഉയർന്ന് മിഷൻ 1000 പദ്ധതിയും



എസ്. ഹരി കിഷോർ ഐ.എ.എസ്

സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദത്തിന് ഊർജ്ജം പകരാൻ സംരംഭങ്ങളെ കൈപിടിച്ചുയർത്തുന്ന മിഷൻ 1000 പദ്ധതിക്ക് തുടക്കമിട്ടത് കേരളത്തിന്റെ വ്യവസായിക വളർച്ചയിലെ മറ്റൊരു മികച്ച വിജയമാണ്. 100 കോടി ശരാശരി വിറ്റുവരവുള്ള 1000 സംരംഭങ്ങളെ കേരളത്തിലുണ്ടാക്കുമെന്ന സർക്കാരിന്റെ ഉറപ്പാണ് പദ്ധതിയിലൂടെ അടുത്തഘട്ടത്തിലേക്ക് കടക്കുന്നത്.

2022-23 സംരംഭക വർഷമായി ആചരിക്കുയും കൂടുതൽ സംരംഭങ്ങൾ സ്ഥാപിച്ചും തൊഴിലും നിക്ഷേപവും വർദ്ധിപ്പിച്ചും സംരംഭക വർഷം പദ്ധതി രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായി മാറുകയും ചെയ്തിരുന്നു അതിന്റെ തുടർച്ചയായി വ്യവസായ വകുപ്പ് 2023-24 വർഷം ശരിയായ ആസൂത്രണത്തിലൂടെ കൂടുതൽ ഫണ്ടിങ്ങിലൂടെ നിലവിലുള്ള സംരംഭങ്ങളുടെ ഉല്പാദനം, സാങ്കേതിക വിദ്യ, വില്പന, തൊഴിൽ എന്നിവ ഉയർത്തി സംരംഭങ്ങളുടെ സ്കെയിലപ്പിന് പ്രാധാന്യം നല്കുകയും ചെയ്തു. ഇത്തരത്തിലുള്ള മാറ്റത്തിന് കൂടുതൽ ഊർജ്ജവും വേഗതയും നല്കുന്ന പദ്ധതികളുമായാണ് വ്യവസായ വകുപ്പും സർക്കാരും കരുതലോടൊപ്പം നില്ക്കുന്നത്.

കേരളത്തിലെ എം.എസ്.എം.ഇ. കളിൽ നിന്നും തെരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ. കളെ 4 വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയായ മിഷൻ 1000 വിഭാവനം ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തെരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് എം.എസ്.എം.ഇ. കളെ സ്കെയിൽ അപ്പ് സ്കീമിനായി തെരഞ്ഞെടുക്കുന്നത്. ആദ്യ പടിയായി തെരഞ്ഞെടുക്കപ്പെട്ട 88 സംരംഭത്തിന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഓഫർലെറ്റർ വിതരണം ചെയ്തു. 250 എണ്ണം കൂടി പരിഗണിക്കുമെന്നും യൂണിറ്റുകളെ സഹായിക്കാൻ വകുപ്പിൽ നിന്ന് ഉദ്യോഗസ്ഥരെ നിയമിക്കുമെന്നും അദ്ദേഹം ഉറപ്പ് നല്കി.

തെരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിലൂടെ വിവിധ ആനുകൂല്യങ്ങളാണ് നല്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങൾക്ക് 2 കോടി രൂപ വരെ മൂലധന നിക്ഷേപ സബ്സിഡി 40 ശതമാനം വരെ ലഭ്യമാക്കും. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50 ശതമാനവും വരെ പലിശ ഇളവും (50 ലക്ഷം രൂപ വരെ) നല്കും. യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം ഒരു സംരംഭത്തിന് ഒരു ലക്ഷം രൂപ വരെയുമായിരിക്കും. തെരഞ്ഞെടുത്ത ഓരോ സംരംഭങ്ങൾക്കും അവരുടെ വിവിധ സ്കെയിലിങ് അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ സഹായിക്കാൻ വ്യവസായ വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനേയും നിയമിക്കും.

മിഷൻ 1000 ന്റെ ഭാഗമായി വിപുലീകരിക്കുന്ന എം.എസ്.എം. ഇ. കൾക്ക് ഉദ്യം രജിസ്ട്രേഷനോടെ കേരളത്തിൽ രജിസ്റ്റർ ചെയ്തവയും 2023 മാർച്ച് 31 വരെ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവർത്തനം പൂർത്തികരിച്ചവയുമായിരിക്കണം. കൂടാതെ നിർമ്മാണ, സേവന മേഖലയിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവയും ആയിരിക്കണം.

തെരഞ്ഞെടുക്കപ്പെട്ട എം.എസ്. എം.ഇ.കൾക്ക് അപേക്ഷിക്കാനുള്ള www.mission1000.industry.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ ആരംഭിച്ചത് 2023 ഏപ്രിൽ 10 നാണ്. ഓൺലൈൻ പോർട്ടലിൽ രജിസ്ട്രേഷന് സമർപ്പിച്ച അപേക്ഷകളിലെ വിവരങ്ങളുടെ കൃത്യതയും സമർപ്പിച്ച അനുബന്ധ രേഖകളും ബന്ധപ്പെട്ട ഐ.ഇ.ഒ., എ.ഡി.ഐ.ഒ, ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ തുടങ്ങിയവർ പരിശോധിക്കുകയും പരിശോധിച്ച അപേക്ഷകളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ബന്ധപ്പെട്ട ജനറൽ മാനേജർ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കൈമാറുകയും ചെയ്തു. നിക്ഷേപങ്ങൾ, വാർഷിക വിറ്റുവരവുകൾ, ലാഭം, ശേഷി, വിനിയോഗം, കയറ്റുമതി, ജീവനക്കാർ, പ്രമോർട്ടർമാരുടെ സിബിൽ സ്കോർ, മുൻഗണനാ മേഖലയിലുള്ള വ്യവസായങ്ങൾ, ലഭിച്ച സർട്ടിഫിക്കേഷനുകളുടെ വിശദാംശങ്ങൾ തുടങ്ങിയ പോർട്ടലിൽ എം.എസ്.എം.ഇ. കൾക്ക് സമർപ്പിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി ഒരു സ്കോറിങ് മാനദണ്ഡം ഉപയോഗിച്ച് എം.എസ്.എം.ഇ. കളെ റാങ്ക് ചെയ്യുകയും ചെയ്തു.

എന്റെ സംരംഭം നാടിന്റെ അഭിമാനം

## സംരംഭക വർഷം 2.0

# മിഷൻ 1000

ഇതുവരെ ലഭിച്ച അപേക്ഷകളിൽ നിന്നും എല്ലാ രേഖകളും സഹിതം സമർപ്പിച്ച 152 അപേക്ഷകളാണ് മിഷൻ 1000 ലേക്ക് പരിഗണിക്കാനായി 2023 ഡിസംബർ 21 ന് ചേർന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല അംഗീകാര കമ്മിറ്റി (എസ്.എൽ.എ.സി) നിർദ്ദേശിച്ചിരുന്നത്. കൃത്യമായ പരിശോധനകൾക്കു ശേഷമാണ് 152 അപേക്ഷകൾ പദ്ധതിയുടെ ആദ്യ ബാച്ചിലേക്ക് തെരഞ്ഞെടുക്കാൻ കമ്മിറ്റി തീരുമാനിച്ചത്. ലഭിച്ച 152 അപേക്ഷകളിൽ 60 മാർക്കോ അതിനു മുകളിൽ മാർക്ക് ലഭിച്ച 88 അപേക്ഷകൾക്ക് എസ്.എൽ.എ.സി. അംഗീകാരം നല്കുകയും ചെയ്തു.

പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങൾ സംസ്ഥാന സർക്കാർ എംപാനൽ ചെയ്ത ഏതെങ്കിലും കൺസൾട്ടന്റിന്റെ സഹായത്തോടെ സ്കെയിൽ അപ്പിനായി ഡി.പി.ആർ. തയ്യാറാക്കണം. ഈ ജി.പി.ആറിന്റെ അടിസ്ഥാനത്തിലാണ് സ്കെയിൽ അപ്പ് പദ്ധതിയുടെ ഭാഗമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തുന്നത്. അടുത്ത ബാച്ച് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള മിഷൻ 1000 ഓൺലൈൻ പോർട്ടൽ വീണ്ടും തുറന്നിട്ടുണ്ട്. അപേക്ഷകർക്ക് **www.mission1000.industry.kerala.gov.in** എന്ന ലിങ്കിൽ കയറി അപേക്ഷിക്കാവുന്നതാണ്. കൂടാതെ മിഷൻ 1000 ഭാഗമായി നിശ്ചയിച്ചിട്ടുള്ള സബ്സിഡികൾക്ക് അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലും ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

കേരളത്തിലെ എം.എസ്.എം.ഇ. കൾക്ക് അവരുടെ ബിസിനസിൽ മികച്ച വളർച്ച കൈവരിക്കാനും വിജയത്തിന്റെ പുതിയ ഉയരങ്ങളിലെത്താനുമുള്ള അതുല്യമായ അവസരമാണ് പദ്ധതിയിലൂടെ ലഭ്യമാകുക. സുതാര്യമായ സംവിധാനത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് മിഷൻ 1000 ലൂടെ വിവിധ പ്രോത്സാഹനങ്ങൾ നല്കുക വഴി ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാനും സംസ്ഥാനത്തെ സംരംഭങ്ങൾക്കുള്ള വളർച്ചയ്ക്ക് ആക്കം കൂട്ടാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു. ■

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**

# ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം

## പുതിയ പദ്ധതിയുമായി വ്യവസായ വകുപ്പ്



ടി.എസ്. ചന്ദ്രൻ

പ്രാദേശിക സാമ്പത്തിക വികസനത്തിന് പുതിയ പദ്ധതിയുമായി സംസ്ഥാന സർക്കാർ ഒ.എൻ.ഒ.പി. ഒരു ലോക്കൽ ബോഡി ഒരു ഉൽപ്പന്നം (One Local Body one Product) എന്നാണ് പദ്ധതിയുടെ പേര്. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സംരംഭ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുക. അത്തരം യൂണിക് ഉത്പ്പന്നങ്ങളെ കൂടുതൽ മൂല്യ വർദ്ധിതമാക്കി വിദേശ വിപണിയിൽ അടക്കം എത്തിക്കുക, കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് നല്ല വില ലഭ്യമാക്കുക, അത്തരം ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധിത മാക്കുന്ന സംരംഭകർക്ക് നല്ല വരുമാനം ഉറപ്പാക്കുക, എന്നീ ലക്ഷ്യങ്ങളാണ് പദ്ധതിയിൽ ഉള്ളത്.

### വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും കൈകോർക്കുന്നു.

വ്യവസായ-തദ്ദേശ സ്വയംഭരണ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ഒ.എൻ.ഒ.പി. എന്ന് വ്യവസായ വകുപ്പ് അംഗീകരിച്ച് പുറത്തിറക്കിയ പദ്ധതി രേഖയിൽ പറയുന്നു. ജില്ല വ്യവസായ കേന്ദ്രങ്ങൾ പഠനം നടത്ത ഓരോ പഞ്ചായത്തിലെയും ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ ഉത്പ്പന്നങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഈ ലിസ്റ്റിൽ നിന്നും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതിനകം തന്നെ തങ്ങൾക്ക് കൂടുതൽ സ്വീകാര്യമായ ഒരു ഉത്പ്പന്നത്തെ കണ്ടെത്തിയിട്ടുണ്ട്. പ്രോത്സാഹനവും മൂല്യവർദ്ധനവും വിപണനവും ആണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടത്.

### 50,000 രൂപ വരെ സഹായം

ഒ.എൽ.ഒ.പി. പ്രോജക്റ്റുകൾ വികസിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് 50,000 രൂപ വരെ സഹായധന വും പ്രഖ്യാപിച്ചിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടിയാണ് ഈ തുക അനുവദിക്കുക. തദ്ദേശ സ്വയം സ്ഥാപനങ്ങൾക്ക് കൺസൾട്ടന്റുമാരെ കൊണ്ട് അവരുടെ ഉത്പ്പന്നത്തിന്റെ സമഗ്രമായ പുരോഗതിക്കായി ഒരു. ജി.പി.ആർ. തയ്യാറാക്കിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നത് അനുസരിച്ച് രണ്ട് ഘട്ടങ്ങളിലായാണ് തുക വിത രണം നടത്തുക. 50 ശതമാനം തുക അഡ്വാൻസായി അനുവദി ക്കും. ബാക്കി തുക പദ്ധതി രൂപരേഖ തയ്യാറാക്കി കഴിഞ്ഞതിനു ശേഷം മാത്രമേ നൽകുകയുള്ളൂ. ഈ വർഷം 18 ലക്ഷം രൂപ ഇതിനായി സർക്കാർ മാറ്റിവെച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവ് സെപ്റ്റംബർ 15 ന് പുറത്തിറങ്ങി.

### പ്രാദേശിക വിഭവങ്ങൾ ആഗോള വിപണി യിലേക്ക്

കേരളത്തിൽ 941 ഗ്രാമ പഞ്ചായത്തുകളും 87 മുനിസി പ്പാലിറ്റികളും 6 മുനിസിപ്പൽ കോർപ്പറേഷനുകളും ഉണ്ട് എന്നാണ് കണക്ക്. ഇങ്ങനെ നോക്കിയാൽ 1035 ഉത്പ്പന്നങ്ങൾ കണ്ടെത്താൻ കഴിയും. ഒന്നിൽ രണ്ടു പുതു സംരംഭങ്ങൾ എങ്കിലും കൊണ്ടുവരാൻ കഴിഞ്ഞാൽ 2070 സംരംഭങ്ങൾ ഈ കണക്കിൽ കേരളത്തിൽ പുതു തായി ജനിക്കും. ഫാക്ടറികൾ സ്ഥാപിച്ചു കൊണ്ടോ കുടിൽ വ്യവസായമായോ ഇത്തരം ബിസിനസ്സുകൾ വളർത്തിയെടുക്കാൻ ആകും. അനുബന്ധ പ്രവർത്തികൾ വേറെയും ലഭിക്കും.

പ്രാദേശികമായ വിഭവങ്ങളുടെ വൈവിധ്യം കേരളത്തിന്റെ ഒരു പ്രത്യേകതയാണ്. അവയെ തിരഞ്ഞെടുത്ത് വ്യാവസായികമായി ഉപയോഗ പ്പെടുത്തുക വഴി കേരളത്തിന്റെ സംരംഭ വികസനത്തിന് ഒരു പുതിയ വഴി കൂടി കണ്ടെത്തുകയാണ്. ഈ വിഭവങ്ങൾ മൂല്യ വർദ്ധിതമാക്കി വിദേശ വിപണിയിൽ എത്തിക്കുവാൻ കൂടി പദ്ധതി വിഭാവന ചെയ്യുന്നു എന്നതാണ് ശ്രദ്ധേയം.■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**



# മുഖാമുഖം

## കെ.എസ്.എസ്.ഐ.എ. ഓഫീസിൽ വച്ച് കേരള മാരിടൈം ബോർഡ് ചെയർമാൻ എൻ.എസ്.പിള്ള. ഐ.എ. & എ.എസുമായി മുഖാമുഖം





KERALA MARITIME BOARD
A STATUTORY BOARD OF GOVT. OF KERALA

കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി യോഗത്തിൽ വച്ച് കേരള മരിടൈം ബോർഡ് ചെയർമാൻ എൻ.എസ്.പിള്ള ഐ.എ. & എ. എസുമായി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് സ്വാഗതം പറഞ്ഞു. കേരള മരിടൈം ബോർഡിന്റെ ഘടനയെക്കുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചും വിശദമായി പ്രതിപാദിച്ചു. മരിടൈം ബോർഡ് വഴി ലഭിക്കാവുന്ന ബിസിനസ്സ് അവസരങ്ങളെക്കുറിച്ച് സംസാരിച്ചു. 14 ജില്ലകളെ പ്രതിനിധാനം ചെയ്യുന്ന ചെറുകിട വ്യവസായികളുടെ പ്രശ്നങ്ങൾ മുഖാമുഖം പരിപാടിയിലൂടെ ചെയർമാൻ വിലയിരുത്തുകയും അവരുടെ ആവശ്യങ്ങൾക്കും, പ്രശ്നങ്ങൾക്കും ഉചിതമായ പരിഹാരത്തിന് ശ്രമിക്കാമെന്ന് ഉറപ്പ് നല്കുകയും ചെയ്തു. യോഗത്തിൽ വച്ച് സംസ്ഥാന സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ ചെയർമാൻ എൻ.എസ്. പിള്ള ഐ.എ. & എ.എസിന് നല്കി. പുതുവത്സര അവസരത്തിൽ ഉള്ള പരിപാടിയായതിനാൽ ചെയർമാനും സംസ്ഥാന പ്രസിഡന്റും ചേർന്ന് കേക്ക് മുറിച്ച് സന്തോഷം പങ്ക് വച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് എബ്രാഹാം കുര്യക്കോസ് (സെൻട്രൽ സോൺ) നന്ദി പറഞ്ഞു. ■




സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.




സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ് സ്വാഗത പ്രസംഗം നടത്തുന്നു.




കേരള മരിടൈം ബോർഡ് ചെയർമാൻ എൻ.എസ്.പിള്ള ഐ.എ. & എ..എസ്. മുഖ്യപ്രഭാഷണം നടത്തുന്നു.



കെ.എസ്.എസ്.ഐ.എ. യുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ചെയർമാൻ എൻ.എസ്.പിള്ള ഐ.എ. & എ. എസിന് നല്കുന്നു.




# വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്ക് അപ്രന്റീസ്ഷിപ്പിന്റെ സാദ്ധ്യതകൾ

കേരളത്തിന്റെ പ്രാഗത്ഭ്യമുള്ള തൊഴിലാളികളുടെ അഭാവം സൃഷ്ടിച്ചത് 31 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള അവസരമാണ് (കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക്) കോവിഡിനു ശേഷം ഇവരെ കൂടുതലായി ആശ്രയിച്ച് വാണിജ്യ, വ്യവസായ, നിർമ്മാണ മേഖലക്ക് വലിയ നഷ്ടങ്ങൾ നേരിടേണ്ടി വരുന്നു. സംസ്ഥാനത്തിന്റെ മാറി വരുന്ന സാമൂഹിക പശ്ചാതലവും ദ്രുതഗതിയിലുള്ള കുടിയേറ്റവും കണക്കിലെടുത്താൽ വിജ്ഞാന അധിഷ്ഠിതമായ വ്യവസായങ്ങളും, തൊഴിലാളികളുടെയും ആവശ്യകതയിലേക്ക് അത് വിരൽ ചൂണ്ടുന്നു.

## എന്താണ് നാഷണൽ അപ്രന്റീസ്ഷിപ്പ് പ്രൊമോഷൻ സ്കീം (NAPS)

നൈപുണ്യരായ അഭ്യസ്തവിദ്യരുടെ അഭാവമാണ് ഇന്ന് കേരളത്തിലെ പല വ്യവസായങ്ങളും അഭിമുഖീകരിക്കുന്നത്. സാങ്കേതിക മുന്നേറ്റങ്ങളും വ്യവസായ ആവശ്യകതകളും അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്നതിനാൽ വേഗത്തിൽ പൊരുത്തപ്പെടാനും പഠിക്കാനും കഴിയുന്ന തൊഴിലാളികളുടെ ആവശ്യകതയുണ്ട്. 2016 ആരംഭിച്ച നാഷണൽ അപ്രന്റീസ്ഷിപ്പ് പ്രൊമോഷൻ സ്കീം (NAPS) അപ്രന്റീസ്ഷിപ്പുകളിലൂടെ ഇന്ത്യയിൽ നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുകയും യുവജനങ്ങളുടെ തൊഴിലവസരങ്ങളും വ്യവസായിക വളർച്ചയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. 2015 ലെ നൈപുണ്യ വികസനവും സംരംഭകത്വം സംബന്ധിച്ച ദേശീയ നയം, ഇന്ത്യയിൽ വിദഗ്ധരായ തൊഴിലാളികളെ സൃഷ്ടിക്കുന്നതിനുള്ള പ്രധാന ഘടകങ്ങളിലൊന്നായി അപ്രന്റീസ്ഷിപ്പിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

## NAPS ആനുകൂല്യങ്ങൾ, തൊഴിലുടമക്കും അന്വേഷകനും

NAPS ലൂടെ NSQF സർട്ടിഫിക്കേഷൻ കൈവശമുള്ള ഒരു ഉദ്യോഗാർത്ഥിക്ക് കേരളത്തിലെവിടെയും അപ്രന്റീസ്ഷിനായി തങ്ങളുടെ മേഖലയിൽ തന്നെ അപേക്ഷിക്കാവുന്നതാണ്. ഇതിലൂടെ പരിശീലനം, ലഭിച്ച, വ്യവസായ–സജ്ജരായ വ്യക്തികൾക്ക് തൊഴിൽ ശക്തിയുടെ ഭാഗമാകാൻ സാധിക്കുന്നു. മാത്രമല്ല, അപ്രന്റീസുകാർക്കുള്ള ഏറ്റവും പുതിയ വ്യവസായ രീതികൾ ടൂളുകൾ, സാങ്കേതികതകൾ എന്നിവയിലേക്കുള്ള ഘടനാപരമായ പരിശീലനവും സ്കീം ഉറപ്പു നൽകുന്നു. ഈ ഇരട്ട നേട്ടം അവർക്ക് തൊഴിൽ യോഗ്യമാണെന്ന് മാത്രമല്ല ദീർഘകാല കരിയർ വളർച്ചയ്ക്കും പ്രാധാന്യം നൽകുന്നു. ഇരുകൂട്ടർക്കും സുഗമമായ രീതിയിൽ എല്ലാ പ്രക്രിയകളും നടപടിക്രമങ്ങളും NAPS പോർട്ടലിലൂടെ പൂർത്തിയാകുവാനുള്ള സൗകര്യമുണ്ട്.


NAPS പോർട്ടൽ വഴി തൊഴിൽദാതാക്കൾക്ക് പരിശീലനം ലഭിച്ച അപ്രന്റീസുകളെ ലഭിക്കുകയും അതിനാൽ സംരംഭത്തിന്റെ പ്രവർത്തന ചെലവ് ചുരുക്കാൻ സാധിക്കുന്നു. 4 മുതൽ 29 തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അപ്രന്റീസ്ഷിപ്പ് നൽകണം എന്ന നിബന്ധനയില്ല. എന്നാൽ ഇത്തരം സ്ഥാപനങ്ങളിൽ ശരാശരി 10,000 രൂപ മാസ ശമ്പളത്തിൽ ജോലി ചെയ്യുന്ന ഒരു തൊഴിലാളിയുടെ വാർഷിക ശമ്പളം 1,20,000 നൽകേണ്ടി വരുമ്പോൾ ഒരു അപ്രന്റീസിന് വർഷത്തിൽ 54,000 രൂപയാണ് വേതനമായി നൽകേണ്ടി വരുക. കാരണം ഒരു അപ്രന്റീസിനു ലഭിക്കുന്ന ഏറ്റവും കുറഞ്ഞ 7,000 മാസശമ്പളത്തിൽ 1,500 കേന്ദ്ര സർക്കാർ അപ്രന്റീസ്സിന്റെ അക്കൗണ്ടിൽ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ ആയി നൽകുന്നു. ഒപ്പം ജീവനക്കാരുടെ അംഗസംഖ്യ 4 മുതൽ 29 നുള്ളിൽ വരുന്ന എം.എസ്.എം.ഇ. സ്ഥാപനങ്ങൾക്ക്, സംസ്ഥാന സർക്കാർ പ്രതിമാസം 1,000 രൂപ എന്ന നിരക്കിൽ സ്ഥാപനത്തിന് തിരിച്ചു നൽകുന്നതാണ്. മുപ്പതോ അതിൽ അധികമോ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ നിർബന്ധമായും അപ്രന്റീസ്ഷീപ്പ് ഉറപ്പാക്കണം. ഈ എം.എസ്.എം.ഇ. കൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പ്രതിമാസം 1,000 രൂപ ഒഴിച്ചുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്ന താണ്. ഏറ്റവും കുറഞ്ഞത് 6 മാസമെങ്കിലും പൂർണ്ണമായും അപ്രന്റീസ്ഷിപ്പ് ചെയ്യണം എന്നതുകൊണ്ട് ഉദ്യോഗാർത്ഥികളെ ജോലിസ്ഥലത്തെ പരിശീലനവുമായി പഠനത്തെ സംയോജിപ്പിക്കാനും, കമ്പനി ആവശ്യങ്ങൾക്കനുസരിച്ച് അവരുടെ കഴിവുകൾ രൂപപ്പെടുത്താനും തൊഴിലുടമകൾക്ക് സാധിക്കുന്നു.

അപ്രന്റീസുകളെ നിയമിക്കുന്നതിലൂടെ ചെലവുകൾ നികത്തുന്നതിനും തൊഴിലുടമകൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോടൊപ്പം മറ്റു പ്രയോജനങ്ങളും NAPS പദ്ധതി നൽകുന്നുണ്ട്. അപ്രന്റീസ്ഷിപ്പ് കാലഘട്ടത്തിൽ പി.എഫ്. & ഇ.എസ്.ഐ. ഇല്ലാതെ അപ്രന്റീസ്ഷിപ്പ് ട്രെയിനികൾ ആയി നിയമിക്കാം. കൂടാതെ, NAPS പോർട്ടലിനു കീഴിലുള്ള അപ്രന്റീസ് ട്രെയിനികളുമായി ബന്ധപ്പെട്ട എല്ലാ ചിലവുകൾക്കും സ്ഥാപനത്തിന്റെ സി.എസ്.ആർ. ബജറ്റ് ഉപയോഗിക്കാനാകും. പരിശീലനം പൂർത്തിയാക്കിയ ശേഷം അപ്രന്റീസുകൾ പലപ്പോഴും മുഴുവൻ സമയ ജോലിക്കാരായി മാറുന്നു. ഇത് പുറമെയുള്ള റിക്രൂട്ട്മെന്റ് ശ്രമങ്ങളുടെ ആവശ്യകത കുറയ്ക്കുന്നതിലൂടെ കമ്പനിയുടെ ചെലവ് ലാഭിക്കുവാൻ സാധിക്കുന്നു.

NAPS പോലുള്ള ഒരു പദ്ധതിയുടെ ഭാഗമാകുന്നത് നേട്ടങ്ങൾ മാത്രമല്ല. പൊതുജനശ്രദ്ധയിൽ ഒരു കമ്പനി യുടെ നില ഉയർത്തുകയും ചെയ്യുന്നു. കൂടാതെ, നൈപുണ്യ വികസനം, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി, രാഷ്ട്ര നിർമ്മാണം എന്നിവയ്ക്കുള്ള സ്ഥാപനത്തിന്റെ








പ്രതിബദ്ധത ഇത് എടുത്തു കാണിക്കുന്നു. ഇവ സ്ഥാപനത്തിന്റെ ബ്രാന്റ് ഇമേജ് ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയുന്ന ഘടകങ്ങളാണ്.

NAPS പദ്ധതിയിലൂടെ, പരിശീലനം ലഭിച്ചവരും ജോലിക്ക് സന്നദ്ധരും ഉത്സാഹമുള്ളവരുമായ വ്യക്തികളെ കമ്പനികൾക്ക് ലഭിക്കുന്നു. ഇത് പ്രതിഭ സമ്പാദന പ്രക്രിയയെ വളരെയധികം സുഗമമാക്കുന്നു. ഒപ്പം എല്ലാ മേഖലകളിലും സംഭാവനം നൽകാൻ തയ്യാറുള്ള വിദഗ്ധ തൊഴിലാളികളുടെ നിരന്തരമായ ലഭ്യതയും ഉറപ്പാക്കുന്നു.

## DWMS ലൂടെ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ്

എല്ലാ വ്യവസായങ്ങൾക്കും ഇതര പൊതു–സ്വകാര്യ മേഖലകളിലേക്കും ഉതകുന്ന രീതിയിൽ ഉദ്യോഗാർത്ഥികളെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ തുടക്കമിട്ടിരിക്കുന്ന പദ്ധതിയാണ് കേരള നോളജ് ഇക്കണോമി മിഷൻ. 2026 ഓടെ, വിവിധ വിജ്ഞാന അധിഷ്ഠിത മേഖലകളിലായി 20 ലക്ഷം ആളുകൾക്ക് തൊഴിൽ ഒരുക്കാനാണ് കെ.കെ.ഇ.എം. ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്ക് കീഴിൽ തൊഴിൽ അന്വേഷകരെയും തൊഴിൽ ദാതാക്കളെയും ബന്ധിപ്പിക്കുന്നതിനു രൂപകൽപന ചെയ്തിട്ടുള്ള ഒരു ഓൺലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോം ആണ് ഡിജിറ്റൽ വർക്ക്ഫോർ മാനേജ്മെന്റ് സിസ്റ്റം. തൊഴിൽ അന്വേഷകരുടെ വിവരങ്ങൾ രേഖപ്പെടുത്തുക, അവർക്ക് ആവശ്യമായ പരിശീലനം നൽകുക എന്നിവയും തൊഴിൽ അവസരങ്ങൾ അറിയുവാനുള്ള സംവിധാനവും DWMS ഉണ്ടാവും.

കേരളത്തിലെ വ്യവസായങ്ങൾക്ക് പ്രാപ്തരായ തൊഴിലന്വേഷകർകരെ ലഭിക്കാത്തതും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും, പരിശീലന കേന്ദ്രങ്ങളിലേക്കും എത്താൻ വ്യവസായങ്ങൾക്ക് സാധിക്കാത്തതും ഒരു വലിയ കുറവാണ്. റൈറ്റ് വാക്ക് ഫൗണ്ടേഷൻ K-DISC/KKEM ന്റെ ഒപ്പം ചേർന്ന് വിവിധ പരിപാടികളും പ്രവർത്തനങ്ങളും ഈ കുറവ് നികത്തി കേരളത്തിൽ ഇന്റേൺഷിപ്പ്, അപ്രന്റീസ്ഷിപ്പ് പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. K-DISC PMU എന്ന നിലയിൽ അപ്രന്റീസ്ഷിപ്പുകളും, ഇന്റൺഷിപ്പുകളും നൽകുന്നതിൽ DWMS ന്റെയും പങ്കിനെക്കുറിച്ച് വ്യാവസായിക സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവബോധം വളർത്തുകയും കൂടാതെ, ഉദ്യോഗാർത്ഥികളെ തൊഴിൽദാതാക്കളുമായി ബന്ധപ്പെടുത്തുകയും ചെയ്യുക എന്നതാണ് റൈറ്റ്വാക്ക് ഫൗണ്ടേഷന്റെ K-DISC/KKEM പ്രധാന ദൗത്യം. ■

കൂടുതൽ വിവരങ്ങൾക്കും, രജിസ്റ്റർ ചെയ്യാനും ബന്ധപ്പെടുക.
ഫോൺ– 9236451392

ഇ–മെയിൽ apprenticeship@knowledgemission.kerala.gov.in



**കൊല്ലം ജില്ല വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബിജു കുര്യന്റെ അദ്ധ്യക്ഷതയിൽ കൊല്ലം നാണി ഹോട്ടലിൽ വച്ച് നടന്ന കൊല്ലം ജില്ലാതല നിക്ഷേപക സംഗമം പരിപാടിയിൽ കൊല്ലം ജില്ല കളക്ടർ എൽ.ദേവിദാസ് ഐ.എ.എസ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. 20 ലക്ഷത്തിനു മുകളിൽ ഇൻവെസ്റ്റ്മെന്റുള്ള 81 നിക്ഷേപകരുടെ പ്രൊജക്റ്റ് ലിസ്റ്റ് ജില്ലാ കളക്ടർ എൽ. ദേവീദാസ് ഐ.എ.എസ് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീന് കൈമാറുന്നു**

# Few spare slots available for Developmental works / Proto typing Jobs










## if you are keen to associate with us, feel free to contact

---

a centre for turning and milling solutions

MDI
Meta Design Innovations
Odakkali, Asamannoor P.O
9447 956 555  9074 150 043  metadesign.innovations@gmail.com

# ജില്ലാ വാർത്തകൾ



2024 ഡിസംബറിൽ നടത്താൻ ഉദ്ദേശിക്കുന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സ്പോ (IIIE) യുമായി ബന്ധപ്പെട്ട് KSSIA സംസ്ഥാന ഭാരവാഹികൾ എക്സിബിഷൻ പാർട്ണർ സിജി നായർ എന്നിവർ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീനോടൊപ്പം അഡ് ലക്സ് കൺവെൻഷൻ സെന്റർ സന്ദർശിക്കുന്നു.




ഹോട്ടൽ അപ്പോളോ ഡിമോറ, തിരുവനന്തപുരത്ത് വെച്ച് നടന്ന **Mission 1000 First Phase Session** ൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ആശംസ പ്രസംഗം നടത്തുന്നു



ദി കോയിലോൺ ബീച്ച് ഹോട്ടൽ ആന്റ് കൺവെൻഷൻ സെന്ററിൽ വെച്ച് നടന്ന നവകേരള സദസ്സിന്റെ പ്രഭാത പരിപാടിയിൽ വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി.രാജീവും കൂടാതെ പൗര പ്രമുഖരോടൊപ്പം സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീനും പങ്കെടുത്തു.



കൊല്ലം, പുനലൂർ കുമാർ പാലസ് ഹോട്ടലിൽ വെച്ച് KSSIA കൊല്ലം ജില്ല യൂണിറ്റ് സംഘടിപ്പിച്ച ഇൻവെസ്റ്റേഴ്സ് മീറ്റിൽ റബ്ബർ പാർക്ക് എം.ഡി. ജോർജ്ജ് ജെയിംസ്, ഡി.ഐ.സി. ഉദ്യോഗസ്ഥൻ എന്നിവരോടൊപ്പം സംസ്ഥാന പ്രസിഡന്റ് പങ്കെടുത്ത് സംസാരിക്കുന്നു.



കേരള ബയോഗ്രഡബിൾ പേപ്പർ പ്രോഡക്റ്റ് മാന്യുഫാക്ചറെഴ്സ് അസോസിയേഷന്റെ നിവേദനം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷിന് നൽകുന്നു




2023 ഇൻഡസ്ട്രീയൽ ലാന്റ് അലോട്ട്മെന്റ് പോളിസി ഉത്തരവായി ഇറക്കാൻ അഹോരാത്രം പ്രയത്നിച്ച സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീനെ കെ.എസ്. എസ്.ഐ.എ. കൊല്ലം ജില്ല പ്രസിഡന്റ് കെ.ജി. ലിജിൻ പൊന്നാട അണിയിച്ച് ആദരിക്കുന്നു



കൊച്ചുവേളി എം.എസ്.എം.ഇ. അസോസിയേഷൻ സംഘടിപ്പിച്ച അനുമോദന യോഗത്തിൽ KMSMEA പ്രസിഡന്റ് ഐ.എ.പീറ്റർ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീന് മെമ്മന്റോ നല്കി ആദരിക്കുന്നു.

## അഭിനന്ദനങ്ങൾ



**ഇടപ്പള്ളി സെന്റ് ജോർജ്ജ് ഫോറോന പള്ളിയുടെ ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ട കെ.എസ്.എസ്.ഐ.എ. സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ. ജോസിന് സംസ്ഥാന കമ്മിറ്റിയുടെ ആശംസകൾ നേരുന്നു.**




അത്താണിയിലെ ഹോട്ടൽ എയർലിങ്ക് കാസ്റ്റിലിൽ വച്ച് നടന്ന കേരള പ്ലാസ്റ്റിക്ക് മാന്യുഫാക്ച്ചറിങ്ങ് അസോസിയേഷന്റെ 26-ാം മത് വാർഷിക പൊതു യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തുന്നു




കേരള പ്ലാസ്റ്റിക്ക് മാന്യുഫാക്ച്ചറിങ്ങ് അസോസിയേഷന്റെ യോഗത്തിൽ വച്ച് കെ.പി.എം.എ. പ്രസിഡന്റും, സെക്രട്ടറിയും ചേർന്ന് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീന് മെമ്മന്റോ നല്കി ആദരിക്കുന്നു.



കെ.എസ്.എസ്.ഐ.എ. കോഴിക്കോട് ജില്ലയിലെ ജനറൽ കൗൺസിൽ അംഗമായ കെ.എം. ഹമീദ് അലിയുടെ മകനും, വി.കെ.സി. മമ്മദ് കോയ Ex.MLA യുടെ കൊച്ചു മകനുമായ മുഹമ്മദ് നിഹാലിന്റെ വിവാഹ ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീന്, മുൻ സംസ്ഥാന പ്രസിഡന്റ് എം. ഖാലിദ്, കെ.എസ്.എസ്.ഐ.എ. ജില്ലാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

sidbi



# FINANCING END TO END ENERGY EFFICIENCY (4E) INVESTMENTS IN MSMES

## OBJECTIVE

To provide financial assistance to MSMEs engaged in the reduction of greenhouse gases(GHGs) from their operations and support Sustainable Development Goals (SDGs)

## Target Sectors & Eligible Projects

- Manufacturing and service sectors
- Energy efficient machineries/technologies
- Renewable Energy Projects

## Loan Amount

- Upto 100% funding with cash collateral in the form of SIDBI FDR
- Minimum loan - Rs.10 lakhs and
- Maximum Loan - Rs.5 crores

## Eligibility

- Minimum 1 year of operation
- The borrowers should not have defaulted to any Banks/Financial Institutions

## Key Features

- Concessional interest rate as per rating
- Repayment: up to 60 months
- Moratorium : upto 6 months
- Quicker sanction

## Benefits to MSMEs

- Better profitability by reduction in energy & fuel cost upto 25%
- Risk sharing facilities available for EE Projects
- Reimbursement of cost of detailed energy audits upto 70% energy audit fees paid subject to certain conditions



**To Know more, visit our nearest branch. Locate us at: www.sidbi.in**
Follow us on SIDBIofficial sidbiofficial sidbiofficial SIDBI Official
SIDBI (Small Industries Development Bank of India)
**Small Industries Development Bank of India,**
**Green Climate and Energy Efficiency Centre,**
10th Floor, Atma Ram House, 1 Tolstoy Marg, New Delhi-110001
Telephone: 011-2344 8300 I E-mail: eec_credit@sidbi.in

---

sidbi

# EXPRESS

## Machinery Loans Made Easy For MSMEs

✓Seamless Online Loan application Journey
✓Automated Loan Processing
✓Immediate In-Principle offer

### TARGET GROUP

- GST registered MSME units in operations for atleast 3 years

### LOAN AMOUNT

- Upto Rs. 100 lakh
- Upto 100% financing

### FEATURES

- Attractive rate of Interest
- Lower processing Fees
- Quick disbursement

### CONTACT US AT

033 – 68286212
1800-22-6753
bd.dcv@sidbi.in

### VISIT US AT

www.sidbi.in



Image: Freepik.com"

---

सिडबी sidbi

G20 | 75 Azadi Ka Amrit Mahotsav

## EV4ECO Mission 50000

## EV SCHEME FOR DIRECT LENDING



**OBJECTIVE**

To scale-up e-2/3/4Ws adoption..

### ELIGIBLE BORROWERS

- MSMEs willing to purchase electric vehicles for their day-to-day operations | • MSME Fleet operator, Aggregator, Leasing companies/enterprises etc. | • Other EV ecosystem strengthening enterprises (charging, battery swap etc.,)
- Udyami registration shall be mandatory, | • Loan should not be given to individual driver cum owner.

| Existing customer of SIDBI | New to SIDBI | Fleet Operators, Aggregators, Leasing Companies/enterprises etc., |
|---|---|---|
| One year of satisfactory principal repayment track record with SIDBI | 1. Existing entities having minimum two years of operation.<br>2. Cash profits in last audited financial result. | 1. Minimum one year of operation<br>2. Should have cash profits or have received at least one round of equity investment from one or more SEBI registered Alternative Investment Fund (s) (AIF)/ or Foreign VC Investors (FVCI).<br>3. Should have medium / long term business assurance contract with reputed agency or should have one year of dealing with reputed agency. |

**Upfront fee** 0.25% of the sanction amount

| Eligible Electric Vehicle Type | Loan Amount | Eligible electric vehicles/ Product/ OEMs |
|---|---|---|
| 1. Electric two-wheeler- L1 & L2 segment<br>2. E-rickshaw (Lithium-ion)- L3 segment<br>3. Electric three-wheeler, auto & cargo- L5 segment<br>4. Electric 4-wheeler Registration with RTO is mandatory | 1. 100% financing with minimum cash collateral of 25% in form of SIDBI FDR.<br>2. Minimum loan: INR 10 lakh for existing SIDBI customer & INR 20 lakhs for others<br>3. Maximum loan: INR 5 crores to existing SIDBI & New to SIDBI entities and INR 20 crores for the fleet operator, aggregator, etc. | 1. Certificate from CMVR approved testing agencies like ARAI, ICAT, GARC etc. for type of vehicle.<br>2. Batteries with AIS-156 certification<br>3. Vehicle shall be pre-fitted with telematics devices and/or tracking /IOT devices ("Telematics Device").<br>4. Service center at the point of sales in cities/ tie-ups.<br>5. The warranty of the battery should be equal to or greater than loan tenure. |

Max repayment up to 5 years. — **Repayment Period**
Starting at 7% — **Interest Rates***

* Based on Scoring criteria

**GREEN CLIMATE FINANCE VERTICAL, SMALL INDUSTRIES DEVELOPMENT BANK OF INDIA**
12th floor, Atama Ram House, 1, Tolstoy Marg, New Delhi-110001 | Phone: 011-23682473
Know more:- www.sidbi.in | Feedback / Contact Us :- gcfv@sidbi.in

25th January 2024, Kalamassery
Regn. No. KERBIL/2005/23143
KSSiA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.